# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരുമണ്ണ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2020-2021**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോഴിക്കോട്-673020**

**ഇ-മെയിൽ: dokkd.ksad@kerala.gov.in**

**ഫോൺ : 0495-2371012**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ എസ് എ /കെ കെ ഡി/പി1-1660/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 15/12/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരുമണ്ണ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ /കെ കെ ഡി/പി1-1660/2021 തീയ്യതി: 15/12/2021

## കോഴിക്കോട് ജില്ലയിലെ പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-10-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 15-11-2021 | 26-11-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-11-2021 | 26-11-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

രീ.ഹരി.കെ.പി ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി ഷൈന എ്.കെ അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.രാമദാസ് എം അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി ലത.ടി.കെ സീ.ഗ്രേഡ് ഓഡിറ്റർ
ശ്രീ അഫ്സൽ ടി.എം ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അജിത.കെ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീ.ഷാജി പുത്തലത്ത് | പ്രസിഡന്റ് | 02-12-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി.രാധിക എൻ.ആർ | സെക്രട്ടറി | 01-04-2020 | 31-03-2021 |

**<u>നിർവ്വഹണഉദ്യോഗസ്ഥർ</u>**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബിനു.ടി | അസി.സെക്രട്ടറി | 01-04-2020 | 16-06-2020 |
| ശ്രീമതി. ശ്രീജ .കെ | അസി.സെക്രട്ടറി | 22-06-2020 | 23-02-2021 |
| ശ്രീമതി .ജിഷ.സി.ടി | അസി.സെക്രട്ടറി | 01-03-2021 | 31-03-2021 |
| ശ്രീ.ശ്യാംദാസ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി .ദിവ്യ എ എസ് | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി .സിംലി .സി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 02-11-2020 |
| ശ്രീ ശ്യാമപ്രസാദ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 02-11-2020 | 31-03-2021 |
| ശ്രീമതി .നസ്രീന | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 05-11-2020 |
| ശ്രീമതി.തങ്കമണി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 06-11-2020 | 31-03-2021 |
| ഡോ മഞ്ജുഷ | വെറ്ററിനറി സർജൻ | 01-04-2020 | 10-05-2020 |
| ഡോ.ജോജു ജോൺസ് | വെറ്ററിനറി സർജൻഇൻചാർജ്ജ് | 11-05-2020 | 22-09-2020 |
| ഡോ മിഥുല റോയി | വെറ്ററിനറി സർജൻ ഇൻചാർജ്ജ് | 25-09-2020 | 13-10-2020 |
| ഡോ സ്മിത മോൾ | വെറ്ററിനറി സർജൻ | 14-10-2020 | 31-03-2021 |
| ഡോ.ഷെറിൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ)) | 01-04-2020 | 31-03-2021 |
| ഡോ വ്രജേഷ് പി | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 02-03-2021 |
| ഡോ രേഖ ആർ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 03-03-2021 | 31-03-2021 |
| ഡോ റുമൈസ | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി .ശോഭന കെ | ഹെഡ് മിസ്ട്രസ് | 01-04-2020 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് വ്യതിയാനം വന്നപ്പോൾ പുതുക്കിയില്ല . മറ്റ് അപാകതയും<br>Written By: Hari. K.P (Audit Officer (HG), On 24-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: T.K.Latha (Senior Grade Auditor, On 23-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: T.K.Latha (Senior Grade Auditor, On 23-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: T.K.Latha (Senior Grade Auditor, On 23-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 1-4 |
| 5 | ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രികയിലെ അപാകത<br>Written By: T.K.Latha (Senior Grade Auditor, On 26-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Hari. K.P (Audit Officer (HG), On 26-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: T.K.Latha (Senior Grade Auditor, On 23-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: T.K.Latha (Senior Grade Auditor, On 23-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Hari. K.P (Audit Officer (HG), On 26-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 1-8 |
| 10 | പഞ്ചായത്തിന്റെതല്ലാത്ത വരുമാനം ഗ്രാമീണ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു<br>Written By: Hari. K.P (Audit Officer (HG), On 26-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 1-9 |
| 11 | ഗ്രാമപഞ്ചായത്തിലെ സാമ്പത്തികനില<br>Written By: Hari. K.P (Audit Officer (HG), On 26-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 1-10 |
| 12 | കേസ് വിധി പ്രകാരം - ബിൽ അനുവദിച്ചത് - അധികം തുക നൽകി<br>Written By: Hari. K.P (Audit Officer (HG), On 26-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 1-11 |
| 13 | അനർഹമായി അധികം നൽകിയ തുക ഓഡിറ്റിൽ കണ്ടെത്തിയതിനെ തുടർന്ന് തിരിച്ചടച്ചു.<br>Written By: Afsal T.M (Auditor, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 15-12-2021) | 1-12 |
| 14 | കരാർവെക്കുന്നതിന് കാലതാമസം-കരാറുകാരനിൽനിന്ന് പിഴ ഈടാക്കിയില്ല.<br>Written By: Afsal T.M (Auditor, On 26-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 1-13 |
| 15 | ഈ ടെണ്ടർ ഫീയിനത്തിൽ ലഭിക്കാനുള്ള തുക-പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നില്ല -<br>Written By: Afsal T.M (Auditor, On 26-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 1-14 |
| 16 | ഹോമിയോ മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കിയില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 26-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 1-15 |
| 17 | എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: RAMDAS M. (Asst. Audit Officer, On 26-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 1-16 |
| 18 | ദുരന്ത നിവാരണ പദ്ധതി പ്രകാരം മണൽ നീക്കം ചെയ്തതിലെ അപാകതകൾ | 1-17 |

| | | |
|---|---|---|
| | Written By: Shyna A.K (Asst. Audit Officer, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | |
| 19 | മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കിയില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 26-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 1-18 |
| 20 | ഗ്രാമ പഞ്ചായത്ത് പണമിടപാടു നടത്തുന്ന ബാങ്ക് അക്കൗണ്ടിൽ നിന്ന് നിയമ വിരുദ്ധമായി ആദായ നികുതി ,ബാങ്ക് ചാർജ് ്എന്നിവ പിടിക്കുന്നത് സംബന്ധിച്ച്<br>Written By: Shyna A.K (Asst. Audit Officer, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 1-19 |
| 21 | എസ്.എസ്.കെ പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് പങ്ക് വഹിക്കുന്നില്ല<br>Written By: Shyna A.K (Asst. Audit Officer, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 1-20 |
| 22 | എൽ.ഇ.ഡി സ്ട്രിറ്റ് ലൈറ്റ് വാങ്ങൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Shyna A.K (Asst. Audit Officer, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 15-12-2021) | 1-21 |
| 23 | ഐ.കെ.എം സാങ്കേതികസഹായ വിഹിതം - ലക്ഷ്യ പൂർത്തീകരണം ഉറപ്പാക്കാൻ സാധിക്കുന്നില്ല<br>Written By: Shyna A.K (Asst. Audit Officer, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 15-12-2021) | 1-22 |
| 24 | കുടിവെള്ള വിതരണത്തിന്റെ ചെലവ് തുക ദുരന്ത നിവാരണ നിധിയിൽ നിന്ന് തിരികെ ലഭിയ്ക്കാൻ നടപടി സ്വീകരിച്ചില്ല<br>Written By: Shyna A.K (Asst. Audit Officer, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 15-12-2021) | 1-23 |
| 25 | തൊഴിലുറപ്പ് പദ്ധതി - മസ്റ്റർ റോൾ പ്രകാര മല്ലാതെ പ്രവർത്തി നടത്തി.<br>Written By: Shyna A.K (Asst. Audit Officer, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 15-12-2021) | 1-24 |
| 26 | സോഫ്റ്റ്‌വെയർ തകരാർ കാരണം എൻപിഎസ് ബാധകമായിട്ടുള്ള ജീവനക്കാരുടെ ശമ്പള കുടിശ്ശിക യിൽ നിന്ന് പെൻഷൻ വിഹിതം എൻപിഎസ് അക്കൗണ്ടിലേക്ക് അടവാക്കിയില്ല<br>Written By: Shyna A.K (Asst. Audit Officer, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 15-12-2021) | 1-25 |
| 27 | സാമൂഹ്യസുരക്ഷാപെൻഷൻ - മരണപ്പെടുന്ന ഗുണഭോക്താക്കൾക്ക് പെൻഷൻ അനുവദിക്കുന്നത്<br>Written By: Shyna A.K (Asst. Audit Officer, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 15-12-2021) | 1-26 |
| 28 | ആസ്തികൾ പ്രവർത്തന സജ്ജമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Afsal T.M (Auditor, On 26-11-2021)<br>Last Updated By: Vasudevan M (Deputy Director, On 15-12-2021) | 1-27 |
| 29 | പൊതു മരാമത്ത് -പദ്ധതി രൂപീകരണ – നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Afsal T.M (Auditor, On 26-11-2021)<br>Last Updated By: Vasudevan M (Deputy Director, On 15-12-2021) | 1-28 |
| 30 | ഹരിത കർമ്മ സേനക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട്<br>Written By: RAMDAS M. (Asst. Audit Officer, On 26-11-2021)<br>Last Updated By: Vasudevan M (Deputy Director, On 15-12-2021) | 1-29 |
| 31 | ക്രമീകരിക്കാത്ത മുൻകൂറുകൾ<br>Written By: Shyna A.K (Asst. Audit Officer, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 15-12-2021) | 1-30 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | കരാർവെക്കുന്നതിന് കാലതാമസം-കരാറുകാരനിൽനിന്ന് പിഴ ഈടാക്കിയില്ല.<br>Written By: Afsal T.M (Auditor, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 15-12-2021) | 3-1 |
| **ഭാഗം 4** | | |

| | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: T.K.Latha (Senior Grade Auditor, On 23-11-2021)<br>Last Updated By: Vasudevan M (Deputy Director, On 15-12-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: T.K.Latha (Senior Grade Auditor, On 23-11-2021)<br>Last Updated By: Vasudevan M (Deputy Director, On 15-12-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: T.K.Latha (Senior Grade Auditor, On 23-11-2021)<br>Last Updated By: Vasudevan M (Deputy Director, On 15-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: T.K.Latha (Senior Grade Auditor, On 23-11-2021)<br>Last Updated By: Vasudevan M (Deputy Director, On 15-12-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: T.K.Latha (Senior Grade Auditor, On 23-11-2021)<br>Last Updated By: Vasudevan M (Deputy Director, On 15-12-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: T.K.Latha (Senior Grade Auditor, On 23-11-2021)<br>Last Updated By: Vasudevan M (Deputy Director, On 15-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: T.K.Latha (Senior Grade Auditor, On 23-11-2021)<br>Last Updated By: Vasudevan M (Deputy Director, On 15-12-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: T.K.Latha (Senior Grade Auditor, On 23-11-2021)<br>Last Updated By: Vasudevan M (Deputy Director, On 15-12-2021) | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: T.K.Latha (Senior Grade Auditor, On 23-11-2021)<br>Last Updated By: Vasudevan M (Deputy Director, On 15-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: T.K.Latha (Senior Grade Auditor, On 29-11-2021)<br>Last Updated By: Vasudevan M (Deputy Director, On 15-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: T.K.Latha (Senior Grade Auditor, On 23-11-2021)<br>Last Updated By: Vasudevan M (Deputy Director, On 15-12-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ് വ്യതിയാനം വന്നപ്പോൾ പുതുക്കിയില്ല . മറ്റ് അപാകതയും

ബജറ്റിൽ ഉൾപ്പെടുത്തിയതിനേക്കാൾ തുകയിൽ കൂടുതലോ, കുറവോ ചെലവഴിക്കേണ്ട അവസരത്തിൽ ബജറ്റ് പുതുക്കിയോ, സപ്ലിമെന്ററി ബജറ്റ് പാസ്സാക്കിയോ മാത്രമേ തുക ചെലവഴിക്കാവൂ. തൊട്ടടുത്ത ഭരണസമിതി യോഗത്തിൽ പുതുക്കിയ / സപ്ലിമെന്ററി ബജറ്റ് അവതരിപ്പിച്ച പാസ്സാക്കേണ്ടതാണ് . എന്നാൽ ഇത് പാലിക്കപ്പെട്ടിട്ടില്ല.

| ക്രമ നമ്പർ | ഹെഡ് | ബജറ്റ് പ്രൊവിഷൻ | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷിക കണക്ക് പ്രകാരമുള്ളത് |
|---|---|---|---|---|
| 1 | 160 | 35000000 | 75000000 | 64628060 |
| 2 | 110 | 7800000 | 7900000 | 7500000 |
| 3 | 140 | 1804000 | 1406000 | 1202986 |
| 4 | 210 | 15550000 | 12920000 | 12078201 |
| 5 | 230 | 3294000 | 1815000 | 1437371 |

മേൽ സൂചിപ്പിച്ചത് ബജറ്റിന്റെ കൃത്യത ഇല്ലായ്മയാണ് വെളിവാക്കുന്നത് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ചെലവുകൾക്ക് ആവശ്യമായ തുക ബജറ്റിൽ വകയിരുത്താൻ വേണ്ടി സ്ഥാപന മേധാവികൾ അറിയിച്ചതിൽ താഴെ കൊടുത്ത സ്ഥാപനങ്ങൾ വിശദാംശം സമർപ്പിച്ചിട്ടില്ല.

| നിർവ്വഹണ ഉദ്യോഗസ്ഥർ | 2020-21 ൽ ചെലവഴിച്ച തുക |
|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 15000 |
| കൃഷിഓഫീസർ | 17000 |
| മെഡിക്കൽഓഫീസർ | 120000 |

യഥാസമയം ബജറ്റ് വിഹിതം ഗ്രാമപഞ്ചായത്തിനെ അറിയിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

2020-21 ബജറ്റിൽ BS 6 പ്രകാരം ഗ്രാമപഞ്ചായത്ത് 19840000/-രൂപ ലോണെടുക്കാൻ ഉദ്ദേശിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2020-21 ലോൺ എടുത്തിട്ടില്ല. ലോണെടുക്കാൻ ഉദ്ദേശിക്കുന്ന തുകയ്ക്ക് സർക്കാർ അംഗീകാരം ലഭിച്ചാൽ മാത്രമേ BS 6 ൽ ഉൾപ്പെടുത്താവൂ എന്ന നിബന്ധന പാലിച്ചിട്ടില്ല.(ബജറ്റ് മാന്വൽ കാണുക) .ഇത്തരത്തിൽ ഒരു അംഗീകാരം സർക്കാരിൽ നിന്ന് ലഭിച്ചിട്ടില്ല.കൂടാതെ 2020-21 ബജറ്റ് തയ്യാറാക്കുന്ന സമയത്ത് അതായത് 31.1.2020 ൽ പഞ്ചായത്തിന്റെ ധനസ്ഥിതി 842354/-രൂപ കമ്മിയാണ്. (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ കാണുക). ലോൺ എടുക്കാൻ ഉദ്ദേശിച്ച ബജറ്റിൽ സർക്കാർ അംഗീകാരമില്ലാതെ 19840000/-വകയിരുത്തിയത് ഗുരുതരമായ വീഴ്ചയാണ്. ബജറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായ നടപടി ക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ് .

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 16/09/21 (29.04.2021 ൽ എയിംസിൽ ഓൺലൈൻ മുഖേന സമർപ്പിച്ചു.) |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9254853 |
| വരവ് | 102460098 |
| ആകെ | 111714951 |
| ചെലവ് | 94425105 |
| നീക്കിയിരിപ്പ് | 17289846 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | | 13490101 | 13490101 | 13075607 | 414494 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 5456333 | 5456333 | 5447206 | 9127 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 6216000 | 6216000 | 6216000 | -- |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 4170389 | 4170389 | 4170120 | 269 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ( ടൈഡ്) (ACR പ്രകാരം) | | | 5980000 | 5980000 | 4655348 | 1324652 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ( അൺടൈഡ്) (ACR പ്രകാരം) | | | 10597268 | 10597268 | 8397990 | 2199278 |
| ദുരിതാശ്വാസനിധി | | 32113 | 1124 | 33237 | 0 | 33237 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 25937256 | 25937256 | 25937256 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 396705 | 1702370 | 2099075 | 2077700 | 21375 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| അനുപൂരക പോഷകാഹാരം | | 939253 | 2042182 | 2981435 | 1525871 | 1455564 |
| ശുചിത്വമിഷൻ | | 622087 | 3187702 | 3809789 | 872081 | 2937708 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ബഡ്സ് സ്കൂൾ ഫണ്ട് | | 225996 | 1573500 | 1799496 | 215752 | 1583744 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 514448 | 700000 | 1214448 | 661941 | 552507 |
| | ജില്ലാ പഞ്ചായത്ത് | | 1000000 | 1000000 | 1000000 | |
| ബി ഫണ്ട് | | | 64628060 | 64628060 | 64628060 | |
| ബി.എം.സി | | 304535 | 7291 | 311826 | 0 | 311826 |

## 1-4-1 ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രികയിലെ അപാകത

2020-21 വർഷത്തെ വാർഷിക കണക്ക് , ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക, സുലേഖ ചെലവ് പത്രിക എന്നിവ പരിശോധിച്ചതിൽ നിന്നും ചെലവിലും,നീക്കിബാക്കിയിലും വ്യത്യാസം കാണുന്നു. വിശദാംശം ചുവടെ കാണിക്കുന്നു.

| ഫണ്ടിനം | എ.സി.ആർ പ്രകാരം | | ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക, | | ചെലവ്/ നീക്കിബാക്കി |
|---|---|---|---|---|---|
| | ചെലവ് | നീക്കിബാക്കി | ചെലവ് | നീക്കിബാക്കി | വ്യത്യാസം |
| വികസന ഫണ്ട് (ജനറൽ) | 13075607 | 414494 | 14931631 | -1441530 | 1856024 |
| വികസന ഫണ്ട് (എസ്.സി.പി ) | 5447206 | 9127 | 5505873 | -49540 | 58667 |

അപാകതയ്ക്ക് കാരണം വ്യക്തമല്ല. കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

തൻവർഷം അംഗീകാരം ലഭിച്ചതും നടപ്പാക്കിയ പദ്ധതിയുടെ വിവരം താഴെക്കൊടുക്കുന്നു

അംഗീകാരം ലഭിച്ചത് – 227

പദ്ധതി അടങ്കൽ – 107038651

നടപ്പാക്കിയ പദ്ധതി – 201

പദ്ധതി ചെലവ് - 64689705

ശതമാനം – 60.44

പ്രധാന വരവിനങ്ങളായ പ്ലാൻ ഫണ്ട് (ജനറൽ / എസ് സിപി) മെയിൻറനൻസ് ഗ്രാൻഡ്, സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാൻഡ് എന്നിവയുടെ വരവും ചെലവും താഴെക്കൊടുക്കുന്നു

| വരവ് | വകയിരുത്തിയത് | ബജറ്റ് അലോട്ട്മെന്റ് | ആകെ അലോട്ട്മെന്റ് ലഭിച്ചത് | 2-3 |
|---|---|---|---|---|
| പ്ലാൻ ഫണ്ട് (ജനറൽ | 15277678 | 14978000 | 13490101 | 299678 |
| പ്ലാൻ ഫണ്ട് (എസ് സിപി | 6059667 | 5515000 | 5456333 | 544667 |
| സി എഫ് സി(Untied) | 14368737 | 10623000 | 10597268 | 3745737 |
| സി എഫ് സി(Tied) | -- | -- | 5980000 | -- |
| മെയിൻറനൻസ് ഗ്രാൻഡ്(റോഡ്) | 8810600 | 6216000 | 6216000 | 2594600 |
| മെയിൻറനൻസ് ഗ്രാൻഡ്(നോൺ റോഡ്) | 5971315 | 4213000 | 4170389 | 1758315 |
| ആകെ | 50487997 | 41545000 | 45910091 | 8942997 |

വാർഷിക പദ്ധതിയിൽ സ്പിൽ ഓവർ പ്രവൃത്തികൾക്കായി 8942997 രൂപ ബജറ്റ് വിഹിതത്തിന് ഉപരിയായി വകയിരുത്തിയിട്ടുണ്ട് . 2020-21 വർഷത്തെ ബജറ്റ് വിഹിതത്തിന്റെ 25 ശതമാനം വരെ ഇത്തരത്തിൽ സ്പിൽഓവറായി പ്രൊജക്ടുകൾക്ക് വകയിരുത്താമെന്ന് 31-3-2020 ലെ 724 /2020 തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവിന് അടിസ്ഥാനത്തിലാണ് ഇപ്രകാരം ചെയ്തത് . എന്നാൽ ബജറ്റ് അലോട്ട്മെന്റിനേക്കാൾ കൂടുതൽ വിനിയോഗം തൻവർഷം ഉണ്ടായിട്ടില്ല. സ്പിൽ ഓവർ പദ്ധതികൾക്കായി അനുവദിച്ച തുക കൂടി പരിഗണിക്കുമ്പോൾ 9988110 രൂപ (ബജറ്റ് അലോട്ട്മെന്റിന്റെ 25 ശതമാനം അതായത് 39952443X25/100=9988110) ഉൾപ്പെടെ 51533110 രൂപ (9988110+41545000=51533110)തൻവർഷം ലഭിക്കേണ്ടതായിരുന്നു എന്നാൽ 45910091 രൂപ മാത്രമാണ് ലഭിച്ചത്. ഗ്രാന്റ് ഇനത്തിൽ 5623019 രൂപ സ്ഥാപനത്തിന് നഷ്ടപ്പെട്ടിട്ടുണ്ട് (51533110-45910091=5623019).

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനായി 29.1.2018 ലെ നമ്പർ 11/2018/ത.സ്വ.ഭ.വ. ഉത്തരവിലൂടെ വിശദമായ നിർദ്ദേശങ്ങൾ സർക്കാർ നൽകിയിട്ടുണ്ട്. തദ്ദേശ സ്ഥാപനം തയ്യാറാക്കുന്ന അവസ്ഥാരേഖയിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടത്. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളും, വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം കുറയ്ക്കണമെന്നും ഇതിൽ നിർദ്ദേശിക്കുന്നു. എന്നാൽ 2020-21 വർഷങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ ഈ നിർദ്ദേശം പാലിക്കാൻ പഞ്ചായത്ത് യാതൊരു ശ്രമവും നടത്തിയിട്ടില്ല (ഖണ്ഡിക 1-3.1 കാണുക) എന്നു കാണാം.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 396705 | 1702370 | 2099075 | 2077700 | 21375 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 25937256 | 25937256 | 25937256 | |
| | 396705 | 27639626 | 28036331 | 28014956 | 21375 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2160 | 5 |
| കർഷകതൊഴിലാളി പെൻഷൻ | 5075000 | 331 |
| വിധവാപെൻഷൻ | 17921400 | 1249 |
| വാർദ്ധക്യകാലപെൻഷൻ | 34124500 | 2528 |
| വികലാംഗപെൻഷൻ | 5490200 | 367 |
| 50വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1734800 | 122 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 270000 | 9 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.11.2012 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20198/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 പഞ്ചായത്തിന്റേതല്ലാത്ത വരുമാനം ഗ്രാമീണ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു

രസീത് പരിശോധന വേളയിൽ രസീത് പിരിവ്,അടവ് ,പിൻവലിക്കൽ എന്നിവ ,ഡേബുക്ക്,ക്യാഷ് ബുക്ക് , ബാങ്ക് സ്റ്റേറ്റ് മെന്റ് എന്നിവ ഒത്തുനോക്കുന്ന അവസരത്തിൽ ഗ്രാമപഞ്ചായത്തിലെ തനത് വരുമാനം സൂക്ഷിക്കുന്ന കേരള ഗ്രാമീണ ബാങ്ക് (എക്കൗണ്ട് നം 40631101035119)അക്കൗണ്ടിൽ 2020 -21 വർഷം താഴെ കൊടുക്കുന്ന തുകകൾ വരവ് വന്നിട്ടുണ്ട്

| ക്രമ നം | തുക | തിയതി |
|---|---|---|
| 1 | 1088131 | 22-04-2020 |
| 2 | 786750 | 31-03-2021 |

ഈ തുകകൾ ട്രഷറി ഡയറക്ടർ ആണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. യു ടി ആർ നമ്പർ വെച്ച് BIMS ൽ പരിശോധിച്ചതിൽ അക്നോളജ്മെന്റ് രസീതിയിൽ ഗുണഭോക്താവിന്റെ പേര് മലബാർ ഇൻസ്റ്റിറ്റ്യൂട്ട് എന്നാണ് കാണുന്നത്. ട്രഷറിയിൽ ചോദിച്ചപ്പോൾ പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും സ്പെഷൽ സ്കൂൾ ഗ്രാൻഡ് ആയി 1088131 രൂപ നൽകിയതാണെന്ന് അറിയിച്ചുവെന്ന് പഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി .ഈ ഗ്രാൻഡുമായി ബന്ധപ്പെട്ട് ഉപവിദ്യാഭ്യാസ ഓഫീസർ പുതിയറക്ക് ഗ്രാമപഞ്ചായത്ത് കത്ത് നൽകിയതിൽ (23.9.2021 ലെ എ1 1001/21 നം കത്ത്) ഫണ്ട് സംബന്ധിച്ച് വ്യക്തതയില്ല എന്ന് അറിയിച്ചു .പൊതുവിദ്യാഭ്യാസ വകുപ്പിന് നൽകിയ ഇതേ നമ്പർ കത്തിന് യാതൊരു മറുപടിയും ലഭിച്ചിട്ടില്ല.ബഡ്സ് സ്കൂൾ ആവശ്യാർത്ഥം 786750 രൂപ ഗ്രാമപഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ 31 .3. 2021 ന് രണ്ടുപ്രാവശ്യം ക്രഡിറ്റ് ചെയ്തതിൽ ഒന്നിന് മാത്രമേ പഞ്ചായത്തിന് അർഹതയുള്ളൂ . അപാകത പരിഹരിക്കാൻ ഗ്രാന്റ് അനുവദിച്ച ഔദ്യോഗിക സ്ഥാപനവുമായി ബന്ധപ്പെട്ട തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 ഗ്രാമപഞ്ചായത്തിലെ സാമ്പത്തികനില

2019 -20, 20- 21 സാമ്പത്തികവർഷത്തെ ബാലൻസ് ഷീറ്റ് പരിശോധിച്ചതിൽ പഞ്ചായത്തിലെ സാമ്പത്തികനില ഭദ്രമല്ല എന്ന് കാണുന്നു. പ്രസ്തുത സ്റ്റേറ്റ്മെന്റിലെ B-14, B-15, B-17, B-18 എന്നിവ ആസ്തിയായും B-4, B-5, B-7, B-9എന്നത് ബാധ്യതയും കണക്കാക്കുമ്പോൾ താഴെ കൊടുത്ത രീതിയിലാണ് സാമ്പത്തികനില എന്ന് വ്യക്തമാകുന്നു.

| വർഷം | ആസ്തി | ബാദ്ധ്യത | വ്യത്യാസം |
|---|---|---|---|

| | | | |
|---|---|---|---|
| 2019-20 | 11459669 | 13231930 | -1772261 |
| 2020-21 | 24136572 | 20940680 | 3195892 |
| 31-01-2020 | 14535722 | 15378076 | -842354 |

ഐ. കെ. എം സ്റ്റേറ്റ്മെൻറ് പ്രകാരം 2019- 20 ,20 -21 വർഷത്തേക്ക് പദ്ധതി പ്രവർത്തനങ്ങൾക്ക് യഥാക്രമം 4647420 രൂപയും , 578118 രൂപയും തനത് ഫണ്ട് വകയിരുത്തിയിട്ടുണ്ട്. 2019-20 ൽ 1772261 രൂപ കമ്മി ആയിരിക്കുമ്പോഴാണ്, പദ്ധതി പ്രവൃത്തിക്ക്, തനത് ഫണ്ട് 4647420 രൂപ വകയിരുത്തിയത്. 20-21 വർഷത്തെ ബജറ്റ് തയാറാക്കുമ്പോൾ അതായത് 31-1-2020 ൽ 842354 രൂപ പഞ്ചായത്ത് ഫണ്ട് കമ്മി ആയിരിക്കുമ്പോഴാണ് തനത് ഫണ്ട് 2020 -21 ലേക്ക് 7578118 രൂപയും വകയിരുത്തിയത്. ഇതിൽനിന്നും പഞ്ചായത്തിലെ ധനസ്ഥിതി പരിശോധിക്കാതെയാണ് പദ്ധതി പ്രവർത്തികൾക്ക് തനത് ഫണ്ട് വകയിരുത്തുന്നത് എന്ന് കാണാം

2020-21 വർഷത്തെ ബജറ്റ് ബി എസ് 6 സ്റ്റേറ്റ്മെൻറ് പ്രകാരം 19840000 രൂപ ഗ്രാമപഞ്ചായത്ത് ലോൺ എടുക്കാൻ ഉദ്ദേശിക്കുന്നുണ്ട് , ഇതിന്റെ തിരിച്ചടവ് എത്തരത്തിൽ ആയിരിക്കുമെന്ന് ബജറ്റ് ഷെഡ്യൂൾ BS 11 ൽ വ്യക്തമല്ല. ചെലവ് കുറച്ച് അതിലൂടെ ധനക്കമ്മി കുറച്ചുകൊണ്ടുവരാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 കേസ് വിധി പ്രകാരം - ബിൽ അനുവദിച്ചത് - അധികം തുക നൽകി

ബഹു.കേരള ഹൈകോടതിയുടെ Wp(C) 6206/19 കേസിന്റെ വിധി പ്രകാരം താഴെ കൊടുത്ത വൗച്ചറുകൾ പ്രകാരം 419339/-രൂപ വലിയ വീട്ടിൽ അംഗൻവാടി റോഡ് പ്രവൃത്തിയുടെ ഗുണഭോക്തൃ കമ്മിറ്റി കൺവീനർ ശ്രീ .സുബീഷിന് അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | വൗച്ചർ നമ്പർ/തീയതി | തുക |
|---|---|---|
| 1 | 22000475/18.09.2020 | 200000 |
| 2 | 22000608/23.10.2020 | 100000 |
| 3 | 22000795/30.11.2020 | 119339 |
| | | 419339/- |

2016-17 സാമ്പത്തിക വർഷം 126/17 നമ്പറിൽ 4.75 ലക്ഷം രൂപ അടങ്കൽ ഉള്ള ഈ പദ്ധതിക്ക് തനത് ഫണ്ടാണ് വകയിരുത്തിയത്. 2017-18 വർഷം 12/18 നമ്പർ പദ്ധതിയായി സ്പിൽ ഓവറായി വന്നെങ്കിലും 2016-17 ലും 2017-18ലും വകയിരുത്തിയ തുക ചെലവഴിച്ചിട്ടില്ല. 16.5.2018 ന് ഗുണഭോക്തൃകമ്മിറ്റി കൺവീനർ പ്രവൃത്തി പൂർത്തികരിച്ച് 2 വർഷമായിട്ടും ബിൽ അനുവദിച്ച് തന്നിട്ടില്ല എന്ന് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകാത്തതിനെ തുടർന്ന് കൺവീനർ ബഹു.ഹൈകോടതിയിൽ കേസ് നൽകുകയായിരുന്നു.

മേൽ പദ്ധതിയുടെ വാല്വേഷൻ എടുക്കാതിരുന്നതായിരുന്നു ഫൈനൽ ബിൽ അനുവദിക്കാതിരിക്കാൻ കാരണം ആയി കാണിച്ചിരുന്നത്. തുടർന്ന് ചീഫ് എഞ്ചിനീയർ 4.7.2019 ൽ കോർ കട്ടിംഗ് രീയിയിൽ കോൺക്രീറ്റ് റോഡിന്റെ സിമന്റ് കോൺക്രീറ്റിന്റെ കനം കണക്കാക്കി,ഫൈനൽ ബിൽ തയ്യാറാക്കാൻ നിർദ്ദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഗവ.എഞ്ചിനീയറിംഗ് കോളേജ് തയ്യാറാക്കിയ താഴെ കൊടുത്ത പ്രകാരമുള്ള മെഷർമെന്റിന് 2016-17 വർഷം തയ്യാറാക്കിയ ഡാറ്റാ പ്രകാരം തുക അനുവദിച്ചു.

| ക്രമ നമ്പർ | ചെയ്ത പ്രവർത്തിയുടെ ഇനം | വോള്യം | നിരക്ക് | തുക |
|---|---|---|---|---|
| 1 | 1:4:8സിമന്റ് കോൺക്രീറ്റ്<br>DSR 2016 ഇനം 4.1.8 | 34.46 | 5552.5 | 191339.15 |
| 2 | 1:2:4<br>DSR 2016 ഇനം 11.7 | 32.31 | 7056.64 | 228000.04 |
| | | | | 419339.19 |

ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകതകൾ കാണുന്നു.

1. 2020-21 വർഷമാണ് ഈ തുക അനുവദിച്ചത് .ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായി മാറേണ്ട ഈ ചെലവ് സുലേഖ സ്റ്റേറ്റ്മെന്റിൽ ചെലവ് വിശദാംശമോ,പദ്ധതിയായോ വന്നിട്ടില്ല. 01.04.21 ന് ശേഷം ഇത് പദ്ധതിയായി ഉൾകൊള്ളിച്ച് ആവശ്യമായ മാറ്റം സുലേഖ സ്റ്റേറ്റ്മെന്റിൽ വരുത്തേണ്ടതായിരുന്നു.
2. 2016-17 വർഷം 71375/016-017 ആയി ടെക്ക്നിക്കൽ സാങ്ഷൻ ലഭിച്ച ഈ പദ്ധതിയുടെ നിരക്ക് (ഡാറ്റാ പ്രകാരം) താഴെ കൊടുക്കുന്നു.

ഇനം 1 – 1:4:8 സിമന്റ് കോൺക്രീറ്റ്

അടിസ്ഥാന നിരക്ക് = 3740.11

7.5% CP+OH = 280.50

Cost Index 38.1% = 1531.86

ആകെ = 5552.47

ഇത്തരത്തിൽ 7.5% CP+OH കണക്കാക്കി DSR 2016 ഇനം 11.8 പ്രകാരമുള്ള 1:2:4 സിമന്റ് കോൺക്രീറ്റ് 7056.64 രൂപയും കണക്കാക്കി ഗുണഭോക്തൃ കമ്മിറ്റി ചെയ്ത പ്രവൃത്തിക്ക് 5% OH ,2.5% CP യും നൽകിയിട്ടുണ്ട്. രണ്ടും അനുവദനീയമല്ലെങ്കിൽ പോലും കാരാറുകാരന്റെ ലാഭം 2.5% കണക്കാക്കിയത് കുറവ് ചെയ്താൽ ഇനം 1ന് 5423.33 രൂപയും, ഇനം 2 ന് 6824.27 രൂപയും ആണ് നിരക്ക് അനുവദിക്കേണ്ടി യിരുന്നത്. ഇപ്രകാരം കണക്കാക്കിയാൽ താഴകൊടുത്ത രീതിയിൽ അധിക തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ചെയ്ത പ്രവർത്തിയുടെ ഇനം, വോള്യം | നിരക്ക് അനുവദിച്ചത് | നൽകിയ തുക | അനുവദിക്കേണ്ടത് | തുക | അധികം |
|---|---|---|---|---|---|---|
| 1 | 1:4:8സിമന്റ് കോൺക്രീറ്റ് 34.46 | 5552.5 | 191339.15 | 5423.3 | 186886.92 | 4452 |
| 2 | 1:2:4 സിമന്റ് കോൺക്രീറ്റ് 32.31 | 7056.64 | 228000.04 | 6824.27 | 220492.16 | 7507.88 |
| | | | 419339.19 | | | 11959.88 =11960/- |

11960/- രൂപ അധികം നൽകിയത് കൺവീനറിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

**<u>1-12 അനർഹമായി അധികം നൽകിയ തുക ഓഡിറ്റിൽ കണ്ടെത്തിയതിനെ തുടർന്ന് തിരിച്ചടച്ചു.</u>**

2019-20,20-2021 വർഷത്തെ ഓഡിറ്റിൽ അപാകതകൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ , അന്വേഷണക്കുറിപ്പ് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ നിർവഹണോദ്യോഗസ്ഥർ ഓഡിറ്റ് വേളയിൽ തന്നെ പഞ്ചായത്ത് ഫണ്ടിൽ നിന്നും നഷ്ടമായ പണം തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

**<u>1)കരാറുകാരന് അധികം തുക നൽകിയ തുക സഞ്ചിത നിധിയിലേക്ക് തിരിച്ചടവാക്കി</u>**

പദ്ധതി നം. – 200/2021 കാർഷിക വിപണന കേന്ദ്രം നിർമാണം

അടങ്കൽ – 2699000

ചെലവ് – 2307939

ബിൽ നം. 30/ 04/05/2020 /646998 രൂപ

ബിൽ നം. 20/ 11/04/2020/ 999000 രൂപ

ബിൽ നം. 192/ 13/01/2021/ 661941 രൂപ

നിർവഹണോദ്യോഗസ്ഥൻ – അസിസ്റ്റന്റ് എൻജിനീയർ

പഞ്ചായത്തിലെ കാർഷിക വിപണന കേന്ദ്രത്തിന്റെ നിർമാണം പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയിട്ടുണ്ട്. ശ്രീ അനിൽ കുമാർ കെ എം എന്ന കരാറുകാരനാണ് കരാർ ഏറ്റെടുത്ത് കെട്ടിടത്തിന്റെ നിർമാണം പൂർത്തീകരിച്ചത്. ഇതുമായി ബന്ധപ്പെട്ട ഫയൽ, എം ബുക്ക്, ബില്ലുകൾ എന്നിവ പരിശോധനക്ക് വിധേയമാക്കുകയുണ്ടായി . വിശദാംശം താഴെ ചേർക്കുന്നു.

| എം ബുക്ക് പ്രകാരം ആകെ പദ്ധതിയുടെ ചെലവ് | കരാറുകാരന് നൽകേണ്ട തുക | കരാറുകാരനിൽ നിന്നും ഈടാക്കേണ്ട തുകകൾ | | | ബാലൻസ് |
|---|---|---|---|---|---|
| | | ഇൻകം ടാക്സ് 1% | കെട്ടിട നിർമാണ തൊഴിലാളി ക്ഷേമ നിധി 1% | ജി എസ് ടി 2% | |
| 2148649 | 1918436.05 ജി എസ് ടി @12% | **19184** | **19184** | **38368** | **2071913** |

| | | | | | | |
|---|---|---|---|---|---|---|
| | 230213<br>ആകെ<br>**2148649/-** | | | | | |

മേൽ പട്ടിക പ്രകാരം **2071913/-** രൂപയാണ് എല്ലാ കിഴിവുകളും കഴിച്ച് കരാറുകാരന് നൽകേണ്ടിയിരുന്നത്.

കരാറുകാരന് നൽകിയ തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| ബിൽ നം/ തുക | കരാറുകാരന് നൽകിയത് | ബില്ലിൽ നിന്നും ഈടാക്കിയ ഇൻകം ടാക്സ് | ബില്ലിൽ നിന്നും ഈടാക്കിയ കെട്ടിട നിർമാണ തൊഴിലാളി ക്ഷേമ നിധി | ബില്ലിൽ നിന്നും ഈടാക്കിയ ജി എസ് ടി 2% |
|---|---|---|---|---|
| ബിൽ നം.30/ 04/05/2020 **646998/-** | 620450 | -- | -- | 26548 |
| ബിൽ നം. 20/ 11/04/2020 **999000/-** | 939267 | 13274 | 13274 | |
| ബിൽ നം. 192/13/01/2021 **661941** | 638301 | 5910 | 5910 | 11820 |
| **2307939** | **2198018** | 19184 | 19184 | 38368 |

കരാറുകാരന് അധികമായി **126105/-(2198018-2071913)** രൂപ അധികമായി നൽകിയിട്ടുണ്ട്. ഈ തുക തിരികെ ഈടാക്കി കൺസോളിഡേറ്റ് ഫണ്ടിലേക്ക് ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിന് റിപ്പോർട്ട് ചെയ്യണമെന്ന് ആവശ്യപ്പെട്ട് 19-11-2021 ന് അന്വേഷണക്കുറിപ്പ് നൽകുകയുണ്ടായി. തുടർന്ന് അസി എൻജിനീയർ 20-11-2021 ന് കരാറുകാരന് ( AE/LSGD/PMN/2021-22/E 17 നം നോട്ടീസ് )നോട്ടീസ് നൽകുകയും ചെയ്തു.

കരാറുകാരൻ അധികമായി കൈപ്പറ്റിയ തുക ട്രഷറിയിൽ ( സബ് ട്രഷറി കോഴിക്കോട)22/11/2021 ന് അടവാക്കിയതിന്റെ രസീതി അസി.എൻജിനീയർ ഓഡിറ്റിന് മുമ്പാകെ ഹാജരാക്കുകയും ചെയ്തു.(ചലാൻ നം KL016810900202122M) അന്വേഷണക്കുറിപ്പിന്റെ ഗൗരവം ഉൾക്കൊണ്ട് ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിച്ചത് ശ്രദ്ധേയമാണ്. ക്ലറിക്കൽ എറർ മൂലമാണ് ഇങ്ങനെ അധികമായി തുക നൽകാൻ ഇടയായത് എന്ന് അന്വേഷണക്കുറിപ്പിന് നൽകിയ മറുപടിയിൽ നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ജാഗ്രത പുലർത്തേണ്ടതാണ്

**2) ആർജിതാവധി സറണ്ടർ-അധിക കൈപ്പറ്റിയ തുക തിരിച്ചടവാക്കിയത്**

പെരുമണ്ണ ഗ്രാമ പഞ്ചായത്തിലെ 2919,20,2020-21വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ജീവനക്കാരുടെ ആർജ്ജിത അവധി എക്കൗണ്ട് പരിശോധിച്ചു. ശ്രീ പ്രശാന്ത് കുമാർ എസ്.കെ ജൂനിയർ സൂപ്രണ്ട് ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്യുമ്പോൾ 1.4.15 മുതൽ 1.3.16വരെ അധികമായി സറണ്ടർ ചെയ്ത ആർജിത അവധി 37329 രൂപ ഓഡിറ്റ് നിർദ്ദേശത്തെത്തുടർന്ന് രസീതി നമ്പർ 1210101821/25.11.21പ്രകാരം ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിൽ അടവാക്കി. ശ്രീമതി. റഷീദ,ക്ലാർക്ക് 1.4.20 മുതൽ 30.4.20വരെ ക്രെഡിറ്റിൽ ഇല്ലാത്ത ലീവ് സറണ്ടർ ചെയ്ത 6 ദിവസത്തെ അവധി തുക 3582 രൂപ പെരുവയൽ ഗ്രാമപഞ്ചായത്തിലെ നമ്പർ റശീ തി 1210106371/25.11.21പ്രകാരം അടവാക്കി.

**3)സ്കോളർഷിപ്പ് -അധികതുക നൽകിയത് തിരിച്ചടച്ചു**

ഹെഡ്മാസ്റ്റർ നടപ്പാക്കിയ 2019-20 ലെ എസ്.സി.വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ പദ്ധതി പ്രകാരം പോളിടെക്നിക്കിൽ പഠിക്കുന്ന കുമാരി അഭിരാമി പി.എം എന്ന വിദ്യാർത്ഥിക്ക് 20000/- രൂപ നൽകേണ്ടതിനു പകരം 25000/- നൽകിയിരുന്നു.ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 17.11.21 ന് KL016340411202122M നമ്പർ ചെലാൻ പ്രകാരം അധികം നൽകിയ 5000/-രൂപ ഹെഡ്മാസ്റ്റർ ROP യായി ട്രെഷറിയിൽ തിരിച്ചടച്ചിട്ടുണ്ട്. അനർഹമായ ഈ അധികം നൽകലുകൾ ഓഡിറ്റ് നടക്കുന്നതിന് മുമ്പ് കണ്ടെത്താതെ പോയത് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ ബലഹീനതയാണ് കാണിക്കുന്നത്.

**<u>1-13 കരാർവെക്കുന്നതിന് കാലതാമസം-കരാറുകാരനിൽനിന്ന് പിഴ ഈടാക്കിയില്ല.</u>**

ജി.ഒ. (പി)13/2012/പിഡബ്ല്യുഡി/1.2.12 പ്രകാരമുള്ള പൊതു മരാമത്ത് മാന്വൽ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയച്ച തിയ്യതിക്ക് 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞാൽ പി.എ.സി യുടെ 1% പിഴ ഈടാക്കിക്കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വെയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി ഇ.എം.ഡി കണ്ടു കെട്ടേണ്ടതും കരാറുകാരനെതിരെ ടെണ്ടർ നിബന്ധനകളിൽ പറഞ്ഞ മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമാണ്. താഴെ പറയുന്ന പ്രോജക്ടുകളിൽ കരാർ പ്രവൃത്തികൾക്കായി 14 ദിവസത്തിനകം കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ചിട്ടുള്ളത്.

| ക്രമ നം | പ്രോജക്ട് | സെലക്ഷൻ നോട്ടീസ് തിയതി | കരാർ വച്ച തിയ്യതി / കരാറുകാരൻ | പിഎസിയുടെ 1% ഫൈൻ തുക |
|---|---|---|---|---|
| 1 | 199/20-21 (സ്പിൽ ഓവർ)<br>വള്ളിക്കുന്ന് ഇല്ലത്ത് താഴം റോഡ്<br>PAC : 723031/- | 16/08/2019 | 25/09/2019/<br>സദ്ദാദ് പി<br>തൊട്ടിയിൽ വീട്,<br>കാലിക്കറ്റ് എയർപോർട്ട് പി ഓ | 7230/- |
| 2 | 211/20-21(സ്പിൽ ഓവർ)<br>ബസ് സ്റ്റാന്റിൽ ടോയിലറ്റ് കെംപ്ലക്സ് നിർമാണം<br>PAC : 395907/- | 01/11/2018 | 11/12/2018<br>എം കെ കുഞ്ഞാമു.<br>മടാരിക്കുഴിയിൽ<br>വെല്ലായിക്കോട് | 3959/- |
| ആകെ | | | | 11189/- |

കരാർ വെയ്ക്കാൻ വൈകിയതിന് കാരണം കാണിക്കുകയോ ആയത് അംഗീകരിക്കപ്പെടുകയോ ചെയ്തിട്ടില്ല. സമയബന്ധിതമായി കരാർ വെയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ച് പ്രവർത്തി പൂർത്തിയാക്കിയിട്ടുള്ളത്. അന്വേഷണക്കുറിപ്പിന് നൽകിയ മറുപടി തൃപ്തികരമല്ല. 11189/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്

**<u>1-14 ഈ ടെണ്ടർ ഫീയിനത്തിൽ ലഭിക്കാനുള്ള തുക-പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നില്ല -</u>**

പഞ്ചായത്തിൽ 2019-20,2020-2021 സാമ്പത്തിക വർഷം നടന്ന ഈ ടെണ്ടറുകളുടെ വിവരം താഴെ ചേർക്കുന്നു

| സാമ്പത്തിക വർഷം | ആകെ നടന്ന ഇ -ടെണ്ടറുകൾ | ആകെ ടെണ്ടർ ഫീ | പഞ്ചായത്തിൽ വരവു വന്നത് |
|---|---|---|---|
| 2019-20 | 17 | 73542 | 0 |
| 2020-21 | 21 | 34620 | 0 |
| ആകെ | 38 | 108162 | 0 |

ഇ- ടെണ്ടർ നടപടികളുടെ ഭാഗമായി 2019-20,2020-21 വർഷം , ടെണ്ടർ ഫീയിനത്തിൽ 108162 രൂപ എക്സിക്യൂട്ടീവ് എൻജിനീയർ , എൽ എസ് ജി ഡി ഡിവിഷൻ , കോഴിക്കോടിൽ നിന്നും പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിക്കേണ്ടതുണ്ട് , ഇത് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് അസി. എൻജിനീയർ മറുപടി നൽകിയിട്ടുണ്ട്. തുക പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കണമെന്ന് അഭ്യർഥിച്ചു കൊണ്ട് എക്സിക്യൂട്ടീവ് എൻജിനീയറ്ക്ക് നൽകിയ കത്തിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. ടെണ്ടർ ഫോറം വില (ടെണ്ടർ ഫീ ) യിനത്തിൽ നാളിതുവരെ പഞ്ചായത്തിന് ലഭിക്കേണ്ട കുടിശ്ശിക ലഭ്യമാക്കാനുള്ള തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്

**<u>1-15 ഹോമിയോ മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കിയില്ല.</u>**

പ്രൊജക്റ്റ് നം. – 27/21

അടങ്കൽ തുക – 300000/- MG(NR)

ചെലവ് – 299415/-ബിൽ നം 85/28.09.20

ഹോമിയോ മെഡിക്കൽ ഓഫീസർ നടപ്പാക്കിയ 'ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ' എന്ന പ്രൊജക്റ്റ് പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പ് ഫാർമസിയുടെ പി.എഫ്-580/28.9.20 എന്ന പ്രൊഫോർമ ഇൻവോയ്സ് അനുസരിച്ച് 299415/- രൂപ 28.09.20ന് അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. ഇപ്പോഴും 83458/-രൂപയുടെ മരുന്നുകൾ ലഭിക്കാനുണ്ട്. പണം അടവാക്കി ഒരു വർഷം കഴിഞ്ഞിട്ടും മരുന്ന് ലഭിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും സ്ഥാപനവുമായി ചമച്ച കരാർപ്രകാരം സ്വീകരിച്ച നടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതുമാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ എത്രയും വേഗം മരുന്ന് ലഭ്യമാക്കാൻ സ്ഥാപനത്തിന് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. ഭാവിയിൽ എഗ്രിമെന്റ് വെച്ചശേഷം മാത്രം പണം കൈമാറേണ്ടതും മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതുമാണ്. 83458/- രൂപ തടസ്സത്തിൽവെക്കുന്നു.

**1-16 എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ**

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി |
| പ്രൊജക്ട് നമ്പർ | 89/21 |
| വകയിരുത്തിയ തുക | 800000/- |
| ചെലവഴിച്ച തുക | 800000/- |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം താഴെ കൊടുത്ത ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി 200000/-രൂപ വീതം നൽകിയിട്ടുണ്ട്.

| ക്രമ നം. | പേര് | ബിൽഡിംഗ് നമ്പർ | വാല്യുവേഷൻ |
|---|---|---|---|
| 1 | അമ്പിളി സുരേഷ് D/O സുരേഷ് ബാബു | 7/280 | 211870 |
| 2 | വിഷ്ണു പ്രയാഗ് S/O പ്രതിഭ | 17/184A | 180215 |
| 3 | ഗോപികD/O ഗോപാലൻ | 12/16A | 200546 |
| 4 | പാർവ്വതിD/O ഇന്ദുലേഖ | 6/262A | ലഭ്യമല്ല |

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. ക്രമ നമ്പർ 2ലെ ഗുണഭോക്താവിന് വാല്യുവേഷനേക്കാൾ അധികം തുക നൽകിയതായി കാണുന്നു.
2. ക്രമ നമ്പർ 4ലെ ഗുണഭോക്താവിന്റെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
3. പഠനമുറിയുടെ നിർമ്മാണം പൂർത്തിയാക്കിയശേഷം സമർപ്പിച്ച കംപ്ലീഷൻ പ്ലാനും നികുതി നിർണ്ണയ ഫയലും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/20-21തിയ്യതി.25.11.21) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

**1-17 ദുരന്ത നിവാരണ പദ്ധതി പ്രകാരം മണൽ നീക്കം ചെയ്തതിലെ അപാകതകൾ**

സർക്കാർ ഉത്തരവ് നം.(സാധാ)3880/19/RD തിയ്യതി 24.12.2019 പ്രകാരം ചാലിയാർ പുഴയിൽ മുൻ വർഷങ്ങളിൽ അടിഞ്ഞുകൂടിയ എക്കൽ പുഴകളിലെ ഒഴുക്ക തടസ്സ പ്പെടുത്തുന്നതിനാൽ പ്രളയത്തിന് സാധ്യത വിലയിരുത്തി ആയത് നീക്കം ചെയ്യുന്നതിന് ദുരന്ത നിവാരണ നിയമപ്രകാരം ബഹു.ജില്ലാ കലക്ടർ ഉത്തരവ് ഇറക്കിയിട്ടുണ്ട്. 28.05.2020 ലെ DM/7939/2019-F2 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തിനെ ഇതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ CWRDM നടത്തിയ 27.02.2020ലെ CWRDM/SAND/ 20/ 27.02.20 നമ്പറിലുള്ള പഠന റിപ്പോർട്ട് പ്രകാരം ഗ്രാമ പഞ്ചായത്തിലെ പുഴകളിൽ അടിഞ്ഞു കൂടിയ 22200 ഘന മീറ്റർ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനാണ് ഗ്രാമ പഞ്ചായത്തിനെ ചുമതലപ്പെടുത്തിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിലെ ചുങ്കപ്പള്ളി , തെക്കേപ്പാടം , വെള്ളായിക്കോട് എന്നീ കടവുകളിൽ നിന്ന് 12.6.20 മുതൽ 20.08.20 വരെയുള്ള വിവിധ ദിവസങ്ങളിൽ സർക്കാർ ഉത്തരവ് പ്രകാരം പ്രളയം ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെ മണൽ നീക്കം ചെയ്ത വകയിൽ ഗ്രാമ പഞ്ചായത്തിന് 3876000 രൂപ തനത് ഫണ്ടിൽ നിന്ന് ചെലവ് വന്നിട്ടുണ്ട്. ഈ തുക ദുരന്ത നിവാരണ നിധിയിൽ നിന്ന് ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടുണ്ട്. കടവുകളിൽ നിന്ന് നീക്കം ചെയ്ത

മണൽ ലേലം ചെയ്ത വകയിൽ 6412299 രൂപ ലഭിച്ചിട്ടുണ്ട്. ഈ തുക ജില്ലാ കളക്ടറുടെ റിവർ മാനേജ് മെന്റ് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. ഈ പ്രവർത്തി നടപ്പിലാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

**1) മണൽ വാരൽ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി മണൽ ലേലം വഴി ലഭിച്ച മുഴുവൻ തുകയും റിവർ മാനേജ് ഫണ്ടിൽ അടവാക്കി.**

പ്രളയത്തെ തുടർന്ന് പുഴകളിൽ അടിഞ്ഞു കൂടിയ ചെളിയും മണ്ണും നീക്കം ചെയ്യുന്നതിനുള്ള ദുരന്ത നിവാരണ അതോറിറ്റിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 30.06.2020 ന് വില്ലേജ് ഓഫീസർ, അസി.അഞ്ചിനീയർ, ജനപ്രതിനിധികൾ ,സെക്രട്ടറി എന്നിവരടങ്ങിയ ഒരു കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മറ്റി 16.6.20 ന് ചേർന്ന യോഗത്തിൽ വച്ച് മൂന്ന് കടവുകളിലും നീക്കം ചെയ്യുന്നത് മണൽ ആണ് എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അവ ലേല നടപടികളിലൂടെ വിൽക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. മണൽ വിൽപ്പനയിലൂടെ ലഭിച്ച തുകയിൽ ജി.എസ്.ടിയും ഫ്ലഡ് സെസ്സും കഴിച്ചുള്ള 6412299 രൂപ ജില്ലാ കളക്ടറുടെ റിവർ മാനേജ് മെന്റ് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. 2001 ലെ കേരള നദീ തീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമ ത്തിലെ വകുപ്പ് 17 പ്രകാരം കടവോ നദീതീരമോ ഉള്ള ഏതൊരു തദ്ദേശ സ്വയം ഭരണ സ്ഥാപനവും മണൽ വിൽപ്പനയിലൂടെ സ്വരൂപിക്കുന്ന തുകയിൽ നിന്ന് മണൽ ശേഖരിക്കുന്നതിനുള്ള എല്ലാ ചെലവും കഴിച്ചുള്ള തുകയുടെ അൻപത് ശതമാനം തുകയാണ് ജില്ലാ കളക്ടർ ക്ക് കടവോ നദീ തീരമോ പരിപാലിക്കുന്നതിനാവശ്യമായ ചെലവുകൾ വഹിക്കുന്നതിനുള്ള റിവർ മാനേജ് മെന്റ് ഫണ്ടിലേക്ക് നൽകേണ്ടത്.ഇവിടെ മണൽ വിൽപ്പനയിലൂടെ ലഭിച്ച മുഴുവൻ തുകയും ജില്ലാ കലക്ടറുടെ 18.02.21ലെ DM/7939/ 2019-F2 നമ്പർ ഉത്തരവ് പ്രകാരം റിവർ മനേജ്മെന്റ് ഫണ്ടിലേക്ക് അടവാക്കിയത് ഈ നിയമത്തിന് വിരുദ്ധമായാണ്. ദുരന്ത നിവാരണത്തിന്റെ ഭാഗമായി പ്രളയം തടയുന്നയിന് പുഴയിൽനിന്ന് മണൽ നീക്കം ചെയ്ത് വിൽപ്പന നടത്തിയ തിലൂടെ ഈ പദ്ധതിയിലൂടെ സർക്കാർ ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചിട്ടുണ്ട്. നദീതീര സംരക്ഷണ നിയമ പ്രകാരം റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് അടവാക്കേണ്ടിയിരുന്നത് 1268150 രൂപയായിരുന്നു. (6412299-3876000= 2536299 /2 = 1268150) ഇതിന് വിരുദ്ധമായി ജില്ലാ കളക്ടറുടെ റിവർ മാനേജ് മെന്റ് ഫണ്ടിലേയ്ക്ക് മണൽ വിൽപ്പനയിലൂടെ ലഭിച്ച മുഴുവൻ തുകയും അടവാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**2) മണൽ ലേലം ചെയ്ത് വിൽപ്പന നടത്തിയതിലെ അപാകതകൾ**

ദുരന്തനിവാരണ നിയമം പ്രകാരം കിട്ടിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ചാലിയാർപുഴയിൽ നിന്ന് നീക്കം ചെയ്യുന്ന മണ്ണ് ലേലം ചെയ്ത് വിൽക്കുന്നതിനായി തീരുമാനമെടുക്കുകയും പിഡബ്ല്യുഡി അംഗീകരിച്ച മണലിന്റെ അടിസ്ഥാന റേറ്റ് ആയ ഒരു ലോഡിന് 6231 രൂപ കണക്കാക്കി കൊണ്ട് 22.6.20ന് ലേലം നടത്തിയെങ്കിലും ലേലത്തിൽ പങ്കെടുത്ത 28പേരിൽ ആരും ഈ അടിസ്ഥാന നിരക്കിൽ കൂട്ടി വിളിക്കാത്തതിനാൽ ലേലം ക്യാൻസൽ ചെയ്ത തുടർന്ന് പഞ്ചായത്ത് അടിസ്ഥാന നിരക്കായി 3250 രൂപ തീരുമാനിച്ചു. ഇത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല. 26.6.20 നടന്ന ലേലത്തിൽ ശ്രീ.ശശിധരൻ -3250 ,ശ്രീ.അഹമ്മദ് 3450 ശ്രീ.ഷാജി 3300 ശ്രീ.ഷാബു 3,400 എന്നിങ്ങനെ ലോഡിന്റെ വില ക്വോട്ട് ചെയ്തെങ്കിലും ലേലം ആർക്കും നൽകിയിട്ടില്ല പഞ്ചായത്ത് ലോഡിന് 3250 രൂപ കണക്കാക്കി കൊണ്ട് തുടർ ദിവസങ്ങളിൽ വിൽപ്പനനടത്തി. എന്നാൽ ഈ തീരുമാനം മണൽ നീക്കം ചെയ്യുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള കമ്മറ്റിയിൽ ചർച്ച ചെയ്തിട്ടില്ല. എന്തിൻറ അടിസ്ഥാനത്തിലാണ് 3250 രൂപയായി മണലിന് വില നിശ്ചയിച്ചത് എന്ന് വ്യക്തമാകുന്നില്ല . ലേലത്തിൽ കൂടുതൽ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ.അഹമ്മദിന് 3450/- കരാർ നൽകുമായിരുന്നെങ്കിൽ താഴെ കാണിച്ച പ്രകാരം 233400/- രൂപ മണൽ വിൽപ്പനയിലൂടെ പഞ്ചായത്തിന് കൂടുതൽ ലഭിയ്ക്കുമായിരുന്നു വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കടവിന്റെ പേര് | വിൽപന നടത്തിയ മണൽ | ലേല പ്രകാരം വിൽപ്പന നടത്തിയിരുന്നെങ്കിൽ ലഭിക്കുമായിരുന്ന തുക | വില്പനയിലൂടെ ലഭിച്ച തുക | കുറവ് |
|---|---|---|---|---|
| വെള്ളായിക്കോട് 27.06.20. മുതൽ 14.07.20 വരെ | 416 ലോഡ് | 1435200 (416X 3450) | 1352000 (416X3250) | 83200 (1435200-1352000) |
| ചുങ്കപ്പള്ളി 27.06.20. മുതൽ 14.07.20 വരെ | 462 ലോഡ് | 1593900 (462X 3450) | 1501500 (462X3250) | 92400 (1593900-1501500) |
| തെക്കേപ്പാടം 27.06.20. മുതൽ 13.07.20 വരെ | 289 ലോഡ് | 997050 (289X 3450) | 939250 (289X3250) | 57800 (997050-939250) |
| ആകെ നഷ്ടം വന്ന തുക | | | | 233400 |

നിരക്കുകൾ ക്വാട്ട് ചെയ്ത കരാറുകാർ ലേല നിബന്ധന പ്രകാരം പ്രവർത്തിക്കാൻ തയ്യാറാകാതെ കരാറിൽ നിന്നും പിൻവാങ്ങിയതാണെങ്കിൽ അവരിൽ നിന്നും വാങ്ങിയിട്ടുള്ള നിരദ ദ്രവ്യം തിരിച്ചുനൽകാൻ പാടില്ലായിരുന്നു. കോട്ടായിത്താഴത്തെ കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് പഞ്ചായത്തിലെ കടവുകളിൽ നിന്ന് ലോറിയിൽ മണൽ എത്തിക്കുന്നതിന് വേണ്ടി കൊട്ടേഷൻ വിളിച്ചപ്പോൾ , കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ.അജാസ് ,ശ്രീ മുഹമ്മദ് ശ്രീ.അബ്ദുള് ലത്തീഫ് എന്നി 3 ലേലക്കാരെയും ഒഴിവാക്കി ശ്രീ.സുധീർ എന്ന നാലാമത്തെ കരാറുകാരനാണ് അനുവദിച്ചിട്ടുള്ളത് . കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത ഒന്ന് രണ്ട് മൂന്ന് കക്ഷികളും ലേലത്തിൽ നിന്ന് സ്വമേധയാ പിന്മാറുകയാണെന്ന് അറിയിച്ച കൊണ്ടുള്ള കത്ത് ഫയലിൽ ലഭ്യമാണ് എന്തായാലും ഇങ്ങനെ കരാർ ലംഘനം നടത്തി ലേലത്തിൽ പങ്കെടുക്കാതിരുന്നത് മൂലം ഉണ്ടാകുന്ന നഷ്ടം മേൽ കരാറുകാരിൽ നിന്ന് ഈടാക്കിയിട്ടുള്ള നിരതദ്രവ്യത്തിൽ നിന്ന് ഈടാക്കണമായിരുന്നു.15-7-20 നടന്ന മണ്ണ് ലേലത്തിൽ വെള്ളായിക്കോട് കടവിൽനിന്ന് ലോഡിനു 3600 രൂപ കോട്ട കോട്ട് ചെയ്ത ശ്രീഅബൂബക്കർ എന്ന കരാറുകാരന് ലേലം നൽകാതെ ലോഡിനു 3550 എന്ന കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീഅബ്ബാസ് പുൽപ്പറമ്പിൽ എന്ന കരാറുകാരനാണ് കരാർ നൽകിയിട്ടുള്ളത്. 18.07.2020 മുതൽ 20.08.2020 വരെ 200 ലോഡ് മണൽ വിൽപ്പന നടത്തിയിട്ടുണ്ട്. ഇതിലൂടെ 10000 (3600X200-3550X200) രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

**3) മണൽ ലേലം ചെയ്ത് വിൽക്കുന്നതിനുപയോഗിച്ച പാസ് അച്ചടിച്ച് ഉപയോഗിച്ചതിലെ അപാകത**

ഗ്രാമ പഞ്ചായത്തിലെ ചുങ്കപ്പള്ളി, വെള്ളായിക്കേട് കടവുകളിൽ നിന്ന് 12.06.21 മുതൽ 16.06.20 വാരിയ 220 ലോഡ് (660 ടൺ) മണൽ ശാസ്താ ഗ്രൗണ്ടിലും കോട്ടായി താഴത്തെ കുടുംബാരോഗ്യ കേന്ദ്രത്തിലും ശേഖരിച്ചുവച്ച് അതിനുശേഷം ലേല നടപടികളുടെ വിൽക്കുകയാണ് ചെയ്തത്. 2001 ലെ കേരള നദീ തീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമ പ്രകാരം മൈനിങ്ങ് ആന്റ് ജിയോളജി വകുപ്പ് നൽകുന്ന പാസ്സ് ഉപയോഗിച്ചാണ് വിൽപ്പന നടത്തിയിട്ടുള്ളത്. ഇതിനായി ഉപയോഗിച്ചിട്ടുള്ളത് 142,143,145 എന്നീ നമ്പറിലുള്ള പാസ് ബുക്കുകൾ ആണ് . ഗ്രാമപഞ്ചായത്തിൽ ഈ തരത്തിലുള്ള മണൽ പാസുകൾ എത്ര എണ്ണം ബാക്കി ഉണ്ട് എന്നതിന് കൃത്യമായ കണക്കില്ല പഞ്ചായത്തിലെ മുൻകാലങ്ങളിൽ അച്ചടിച്ച ബാക്കിയുള്ള മണൽ പാസ് ബുക്ക് എത്ര എണ്ണം ബാക്കി ഉണ്ട് എന്നതിന് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല . 16.6.2020 നു ശേഷം മണൽ കടവുകളിൽ നിന്ന് തന്നെ നേരിട്ട് വിൽപ്പന നടത്തുന്ന രീതിയാണ് നടത്തിയിട്ടുള്ളത് അതായത് ഓരോ ദിവസവും പഞ്ചായത്തിൽനിന്നും വ്യക്തികൾക്ക് ആയി മണൽ ലേലം ചെയ്ത് അനുവദിക്കുകയും പിറ്റേന്ന് കടവിൽ നിന്നും മണൽ നൽകുകയും ചെയ്യുന്ന രീതിയാണ് തുടർന്ന് വന്നത്. എന്നാൽ ഇതിനായി അനുവദിച്ചിട്ടുള്ള പാസ് ഗ്രാമ പഞ്ചായത്ത് സ്വന്തമായി കമ്പ്യൂട്ടറിൽ നിന്ന് പ്രിൻറ് ചെയ്തവയാണ്. നിയമാനുസൃത മല്ലാത്തരീതിയിൽ സ്വന്തമായി പാസ് അച്ചടിച്ച് മണൽ വിൽപ്പന നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**5) കടവ് കമ്മറ്റികൾ പ്രവർത്തിക്കുന്നില്ല.**

2001 ലെ കേരള നദീ തീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമം 4പ്രകാരം രൂപീകൃതമായ കടവ് കമ്മറ്റി പ്രവർത്തിക്കുന്നില്ല. 2002 ലെ കേരള നദീ തീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ചട്ടം 15 പ്രകാരം മണൽ വാരൽ നിയന്ത്രണങ്ങൾ പാലിക്കുന്നത് ഉറപ്പ വരുത്തുക, കടവുകളുടെ സംരക്ഷണം പരിപാലനം, കൈയ്യേറ്റം തടയൽ തുടങ്ങിയ ചുമതലകൾ നിർവ്വഹിക്കുന്നതിന് . വില്ലേജ് ഓഫീസർ, അസി.അഞ്ചിനീയർ, സെക്രട്ടറി ,പ്രസിഡണ്ട്, വാർഡ് മെമ്പർമാർ , പരിസ്ഥിതി പ്രവർത്തകർ എന്നിവർ ഉൾപ്പെടുന്ന കടവ് കമ്മറ്റികൾ പ്രവർത്തിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിലെ കടവ് കമ്മറ്റികൾ നിലവിൽ പ്രവർത്തിക്കുന്നില്ല .അനധികൃത മണൽ വാരൽ സംബന്ധിച്ച് പരാതികൾ നിലവിൽ ഉയരുന്ന സാഹചര്യം നിലവിലുണ്ട്. മണൽ വിൽപ്പന നിലവിലില്ലാത്തപ്പോഴും നദീതീര സംരക്ഷണത്തിനായി നിയമാനുസൃതം രൂപീകൃതമായ കടവു കമ്മറ്റികൾ പ്രവർത്തിക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി സ്ല് (15/ 20-21 25.11.21) ലഭ്യമാക്കിയ മറുപടിയിൽ ബഹു. ജില്ലാ കളക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആണ് പ്രവർത്തിച്ചത് എന്നും മണൽവാരൽ നിയന്ത്രണ നിയമ പ്രകാരം പ്രവർത്തിക്കണമെന്ന് നിർദ്ദേശം ലഭിച്ചിരുന്നില്ല എന്നും ലേല നടപടികൾ കോവിഡിന്റെ പ്രത്യോക സാഹചര്യത്തിലാണ് നടത്തിയത് എന്നും കടവ് കമ്മറ്റികളുടെ രൂപീകരണം ബഹു.ജില്ലാ കളക്ടർക്ക് കത്തെഴുതി ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കാവുന്നതാണ് എന്നുമുള്ള മറുപടി തൃപ്തികരമല്ല. 1268150 രൂപ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്ന് തിരികെ ലഭയമാക്കേണ്ടതും കടവ് കമ്മറ്റികൾ രൂപീകരിച്ചതിന്റെയും വിവരം അറിയിക്കേണ്ടതും ലേല നടപടികളിലെ വീഴ്ചയ്ക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

**1-18 മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കിയില്ല.**

| പ്രൊജക്ടിന്റെ പേര് | ആശുപത്രിക്ക് മരുന്ന് വാങ്ങി നൽകൽ | മാനസിക രോഗികൾക്ക് മരുന്ന് വാങ്ങൽ | പാലിയേറ്റീവ് കെയർ |
|---|---|---|---|
| പ്രൊജക്ട് നമ്പർ | 213/21 | 50/21 | 30/21 |
| വകയിരുത്തിയ തുക | 200000/-(MG-NR) | 50000/-(MG-NR) | 50000/-(മരുന്നിന് മാത്രം) |
| ചെലവഴിച്ച തുക | 200000/- | 50000/- | 50000/- |
| ലഭിച്ച മരുന്ന് | 67007/- | 33477/- | 19328/- |
| ലഭിക്കാനുള്ള മരുന്ന് | 132993/- | 16523/- | 30672/- |

പെരുമണ്ണ എഫ്.എച്ച്.സി. മെഡിക്കൽ ഓഫീസർ നടപ്പാക്കിയ മേൽ പ്രൊജക്ടുകൾ പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും 180188/-രൂപയുടെ മരുന്നുകൾ ലഭിക്കാനുണ്ട്. മെഡിക്കൽ സർവ്വീസ് കോർപ്പറേഷനുമായി എഗ്രിമെന്റ് വെച്ചതായി കാണുന്നില്ല. ആശുപത്രിയിലേക്കാവശ്യമായ മരുന്നുകൾ സംഭരിക്കുന്നതിനായി ഒരേ വർഷം തന്നെ മൂന്ന് പ്രൊജക്ടുകൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയതിനും പണം അടവാക്കി ഒരു വർഷം കഴിഞ്ഞിട്ടും മരുന്ന് ലഭിക്കാത്തതിനും സ്ഥാപനവുമായി കരാർചമച്ചക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 19/20-21തിയ്യതി 25.11.21)ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ ലഭിക്കുന്നതിനായി സ്ഥാപനവുമായി കത്തിടപാടുകൾ നടത്തിവരുന്നതായി അറിയിച്ചിട്ടുണ്ട്. ഭാവിയിൽ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും കിട്ടാനുള്ള മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. 180188/-രൂപ തടസ്സത്തിൽവെക്കുന്നു.

**1-19 ഗ്രാമ പഞ്ചായത്ത് പണമിടപാടു നടത്തുന്ന ബാങ്ക് അക്കൗണ്ടിൽ നിന്ന് നിയമ വിരുദ്ധമായി ആദായ നികുതി ,ബാങ്ക് ചാർജ് െന്നിവ പിടിക്കുന്നത് സംബന്ധിച്ച്**

2020-21 വർഷത്തെ വാർഷിക കണക്ക് B-18 ഷെഡ്യൂൾ പ്രകാരം 460800102 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ Scheme Expenditure Receivable എന്ന ഇനമായി 16578 രൂപഅഡ്വാൻസ് ആയി അസറ്റ് ഹെഡിൽ നീക്കിയിരിപ്പുണ്ട്. ഇതിന്റെ ലെഡ്ജർ ബുക്ക് പരിശോധിച്ചപ്പോൾ ഗ്രാമ പഞ്ചായത്ത് തനത് ഫണ്ട് പണമിടപാടുകൾ നടത്തുന്ന കേരള ഗ്രാമീണ ബാങ്ക് അക്കൗണ്ടിൽ (35119) നിന്ന് ബാങ്ക് ആദായ നികുതി TDS ആയി വിവിധ ദിവസങ്ങളിൽ പിൻവലിച്ചിട്ടുള്ള തുകയാണ് ഇത് എന്ന് കണ്ടു. ബാങ്കിൽ നിന്നുള്ള പിൻവലിക്കലുകൾ 2000000 കടന്ന എന്ന കാരണത്തിലാണ് ബാങ്ക് സ്വമേധയാ ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിന്ന് വിവിധ തിയ്യതികളിൽ 6632, 500,908, 8524, 12 എന്നിങ്ങനെ തുകകൾ പിൻവലിച്ചിട്ടുള്ളത്.

ഇൻകം ടാക്സ് ആക്ട്, സെക്ഷൻ 10(20) പ്രകാരം ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുടെ വരുമാനത്തിന്മേൽ നികുതി ഈടാക്കുന്നത് ഒഴിവാക്കിയിട്ടുള്ളതിനാൽ, ഈടാക്കിയ നികുതി തിരികെ ലഭിക്കുന്നതിന് ഗ്രാമപഞ്ചായത്ത് 10.11.2020 ന് M1-1/20 നമ്പർ കത്ത് പ്രകാരം ബാങ്കിന് കത്ത് നൽകിയിരുന്നു. ആയതിന് ബാങ്ക് 17.02.21 ന് 15/BK/24/2021/25/PMNA നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടിയിൽ ആദായ നികുതിയിൽ പഞ്ചായത്തിനെ ലോക്കൽ അതോറിറ്റിയായാണ് കണക്കാക്കിയിട്ടുള്ളത് ഗവൺമെന്റ് ആയിട്ടല്ല ആയതിനാൽ സെക്ഷൻ 194 N നടപ്പിലാക്കുമ്പോൾ സർക്കർ വകുപ്പുകൾക്ക് ലഭിക്കുന്ന ഇളവ് ഗ്രാമപഞ്ചായത്തിന് ലഭിക്കില്ല എന്ന് ക്ലാരിഫൈ ചെയ്തിട്ടുണ്ട്. ഇത് അംഗീകരിക്കാനാവില്ല. കൂടാതെ ഫണ്ട് ട്രാൻസ്ഫർ പോലുള്ള സേവനങ്ങൾക്കും ബാങ്ക് പഞ്ചായത്തിൽ നിന്ന് ചാർജ് ഈടാക്കുന്നുണ്ട്. 2019-20 വർഷത്തിൽ 3731 രൂപയും ,2020-21 വർഷത്തിൽ 4844 രൂപയും, 2021-22 വർഷത്തിൽ 643 രൂപയും ബാങ്ക് ഗ്രാമ പഞ്ചായത്തിൽ നിന്ന് ഈടാക്കിയിട്ടുണ്ട്. ഒരു സർക്കാർ സ്ഥാപനമായ ഗ്രാമ പഞ്ചായത്തിന് സർക്കാർ സ്ഥാപനം എന്ന നിലയിലുള്ള ഇളവുകൾ നൽകാൻ തയ്യാറല്ലാത്ത ഈ ബാങ്കിൽ നിന്ന് തനത് ഫണ്ട് പണമിടപാടുകൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് ബാങ്ക്, ഈടാക്കിയിട്ടുള്ള നികുതിയിൽമേൽ സ്ഥാപനത്തിന്റെ PAN പ്രകാരം റിട്ടേൺ സമർപ്പിച്ചതിനുശേഷം റീഫണ്ടിന് അപേക്ഷിക്കുകയായിരുന്നു ചെയ്യേണ്ടിയിരുന്നത്. അതിനു പകരം അക്കൗണ്ടിൽ അഡ്വാൻസ് നീക്കിയിരിപ്പായി കാണിക്കുകയാണ് ചെയ്തത്. കൂടാതെ, സെക്ഷൻ 197 പ്രകാരമുള്ള ആദായനികുതി വകുപ്പിൽ നിന്നുള്ള നികുതി ഈടാക്കേണ്ടതില്ലെന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കി ബാങ്ക് ഓഫീസർക്ക് സമർപ്പിച്ചും, നികുതി കുറവു വരുത്തുന്നത് ഒഴിവാക്കാവുന്നതാണ്. തുക തിരികെ ലഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതിനും അപാകതകൾക്ക് വിശദീകരണം നല്കുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 13/20-21 24.11.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈടാക്കിയ തുക തിരികെ ഇടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-20 എസ്.എസ്.കെ പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് പങ്ക് വഹിക്കുന്നില്ല**

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് സെക്രട്ടറി

പദ്ധതി - എസ്.ഒ 01/2020-21

ചെലവ് - 700000

ബിൽ നമ്പർ,തിയ്യതി - 225194/20-21/3.06.2020,)

പഞ്ചായത്തിൽ എസ്.എസ്.കെ പദ്ധതിയുടെ നടത്തിപ്പിനായി 700000 രൂപ ജില്ലാ പ്രൊജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്. ജില്ലാ പ്രോഗ്രാം ഓഫീസർ 1216000രൂപ ഡിമാന്റചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ തൻവർഷം എസ്.എസ്.കെ വഴി നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ സാമ്പന്ധിച്ച് പഞ്ചായത്ത് സ്റ്റാന്റിങ്ങ് കമ്മറ്റി യാതൊരു

ഇടപെടലുകളും നടത്തിയിട്ടില്ല. സ.ഉ (കൈ)11/2018/തസ്വഭവ /29.01.2018 നമ്പർ ഉത്തരവ് പ്രകാര മുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.6.2 പ്രകരം എസ്.എസ്.എ പ്രൊജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്ഥാപനം മുഖ്യ പങ്ക് വഹിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ ഈ പദ്ധതികളുടെ രൂപീകരണത്തിൽ ഗ്രാമ പഞ്ചായത്ത് യാതൊരു ഇടപെടലും നടത്തിയിട്ടില്ല. വിദ്യാർഥികളുടെ പഠന നിലവാരം ഉയർത്തുക, സർഗ്ഗാത്മക ശേഷി വികസിപ്പിക്കുക ,പരിശീലനം സംഘടിപ്പിക്കുക, ക്ലാസ് മുറികൾ ഉണ്ടാക്കുക തുടങ്ങിയ ആവശ്യങ്ങൾ പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിൽ ഉണ്ടെങ്കിലും അത്തരം പ്രൊജക്ടുകളൊന്നും എസ്.എസ്.കെ പദ്ധതിയിലേയ്ക്ക് ഗ്രാമ പഞ്ചായത്ത് ശുപാർശ ചെയ്തിട്ടില്ല.എസ്എസ്.കെ സമർപ്പിച്ചിട്ടുള്ള 1787000 രൂപയുടെ വിനിയോഗ സാക്ഷ്യ പത്രത്തിൽ 107000 രൂപ സെൽഫ് ഡിഫൻസ് ട്രെയിനിങ്ങ് നടത്തിയതിനായി ചെലവഴിച്ചിട്ടുണ്ട്.കോറോണ കാരണം വിദ്യാലയങ്ങൾ എല്ലാം അടച്ചിരുന്ന സാഹചര്യങ്ങളിൽ സെൽഫ് ഡിഫൻസ് ട്രെയിനിങ്ങ് നടത്തിയത് എങ്ങനെയെന്ന് വ്യക്തമാക്കേണ്ടതാണ്. നിലവിൽ ഓൺലൈൻ വിദ്യാഭ്യാസ സാഹചര്യത്തിൽ നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് അവസ്ഥാവിശകലനം നടത്താതെയും നിർദ്ദേശങ്ങൾ നൽകാതെയുമാണ്. തുക കൈമാറിയിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16/20-21 25.11.21) ലഭ്യമാക്കിയ മറുപടിയിൽ എസ്.എസ്.കെ പദ്ധതികളുടെ രൂപീകരണത്തിൽ ഗ്രാമ പഞ്ചായത്ത് ഇടപെടലുകൾ നടത്താൻ നടപടികൾ സ്വീകരിക്കുമെന്നും. സെൽഫ് ഡിഫൻസ് ട്രെയിനിങ്ങ് നടത്തിയതുമായി ബന്ധപ്പെട്ട് എസ്.എസ്.കെയിൽ നിന്ന് വിവരം ലഭ്യമാക്കി അറിയിക്കുമെന്നും അറിയിച്ചിട്ടിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിശദാംശങ്ങൾ രേഖകൽ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-21 എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ**

സെക്രട്ടറി നിർവഹണഉദ്യോഗസ്ഥനായി 2019-20, 20-21 വർഷങ്ങളിൽ നിലവിലുള്ള തെരുവ് വിളക്കുകൾ മാറ്റി എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിന് താഴെ കാണിച്ച പ്രകാരം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

| വർഷം | പദ്ധതി | ചെലവ് തുക | റിമാർക്സ് |
|---|---|---|---|
| 2019-20 | 134/19-20എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ | 489700<br>(വികസന ഫണ്ട്-360000-665845/10.10.19<br>ധനകാര്യകമ്മീഷൻ ഗ്രാന്റ്-129700-665849/10.10.19) | ടെണ്ടർ മുഖാന്തിരം എൽസ്റ്റർ ഇലക്ട്രോണിക്ക്സ് എന്നസാഥാപനത്തിൽ നിന്ന് 295 LED തെരുവ് വിളക്കുകൾ വാങ്ങി. |
| 2020-21 | 186/20-21എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ | 799905<br>ധനകാര്യകമ്മീഷൻ ഗ്രാന്റ്-138865,66/11.4.20 | യുണൈറ്റഡ് ഇലക്ട്രിക്കൽ എന്ന സ്ഥാപനത്തിൽ നിന്ന് 20 W എൽ.ഇ.ഡി ബൾബ് 416 എണ്ണവും, ബൈ പാസ്സ് റോഡിലെ 10 സോഡിയം വെപ്പർ ലൈറ്റുകൾമാറ്റി 120W LED തെരുവ് വിളക്കുകളും വാങ്ങി |

പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ പ്രവർത്തന രഹിതമായ ട്യൂബ് ലൈറ്റുകൾ മാറ്റി പുതിയ L.E.D.ലൈറ്റുകൾ , അനുബന്ധ ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനാണ് പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. മേൽ പ്രൊജക്ട് പ്രകാരം വാങ്ങിയിട്ടുള്ള 721 (295+416+10) ലൈറ്റുകൾ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ളതായി വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് എന്നാൽ ഒരോ വാർഡിലും ഈ വിളക്കുകൾ ഏതെല്ലാം ഇലക്ട്രിക്ക് പോസ്റ്റുകളിലാണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് വ്യക്തവല്ല. പഞ്ചായത്തിലെ ഓരോ വാർഡുകളിലും എത്ര ഇലക്ട്രിക്ക് പോസ്റ്റുകൾ ഉണ്ട് അവയിൽ നിലവിലുള്ള തെരുവ് വിളക്കുകളുടെ വിവരം എന്നിവ സംബന്ധിച്ച തെരുവ് വിളക്ക് റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല . 2021-22 വർഷത്തിൽ നിലാവ് പദ്ധതി നടപ്പിലാക്കിയതിന്റെ ഫയൽ പരിശോധിച്ചതിൽ ഓരോ വാർഡിലും ഉള്ള തെരുവ് വിളക്കുകളുടെ സ്റ്റേറ്റ് മെന്റ് തയ്യാറാക്കിയിട്ടുണ്ട്. 2019-20,ൽ പദ്ധതി പ്രകാരം വാങ്ങിയിട്ടുള്ള 295 LED തെരുവ് വിളക്കുകൾ 2020-21 വർഷ പദ്ധതിപ്രകാരം സ്ഥാപിച്ചിട്ടുള്ള 426 LED തെരുവുവുളക്കുകൾ എന്നിവ ഒഴിവാക്കിയാണോ നിലാവ് പദ്ധതിയിൽ തെരുവ് വിളക്കുകൾ LED വിളക്കുകളായിമാറ്റുന്ന പദ്ധതി നടപ്പിലാക്കുന്നത് എന്ന് തെരുവ് വിളക്കിന്റെ റജിസ്റ്റർ ഇല്ലാത്തതിനാൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല. 3 വർഷം വാറന്റിയുള്ള തെരുവ് വിളക്കുകളാണ് മേൽ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ളത്. .കൂടാതെ മേൽ പദ്ധതികൾ പ്രകാരം മാറ്റിയിട്ടുള്ള പഴയ ലൈറ്റുകളും ഫിറ്റിങ്ങുകളും പഞ്ചായത്തിൽ സ്റ്റോക്കിൽ എടുത്ത് കൈ ഒഴിഞ്ഞതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 17/20-21 25.11.21) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട് കൃത്യമായ രേഖപ്പെടുത്തലുകളോടെയുള്ള തെരുവ് വിളക്ക് റജിസ്റ്റർ മേൽ പദ്ധതികൾ പ്രകാരം മാറ്റിയിട്ടുള്ള പഴയ ലൈറ്റുകളും ഫിറ്റിങ്ങുകളും പഞ്ചായത്തിൽ സ്റ്റോക്കിൽ എടുത്ത് കൈ ഒഴിഞ്ഞതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ 2020-21 വർഷത്തിൽ ഈ പദ്ധതിക്കായി ചെലവഴിച്ച തുക തടസ്സത്തിൽ വയ്ക്കുന്നു.

## 1-22 ഐ.കെ.എം സാങ്കേതികസഹായ വിഹിതം - ലക്ഷ്യ പൂർത്തീകരണം ഉറപ്പാക്കാൻ സാധിക്കുന്നില്ല

ഗ്രാമ പഞ്ചായത്തുകൾ അവയ്ക്ക് ലഭിക്കുന്ന പ്ലാൻ ഫണ്ടിന്റെ 0.25% നിർബന്ധമായും ഐ. കെ. എം. ന്റെ പ്രവർത്തനത്തിനു വേണ്ടി മാറ്റി വയ്ക്കേണ്ടതാണെന്ന് നിർദ്ദേശം നൽകി സ.ഉ(സാധാ) നം. 1228/2016/ത.സ്വ.ഭ.വ പ്രകാരം 08.03.2016 തീയതിയിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പെരുമണ്ണ ഗ്രാമ പഞ്ചായത്ത് താഴെകാണിച്ച പ്രകാരം ഐ. കെ. എം സാങ്കേതിക സഹായ വിഹിതം നൽകൽ എന്ന പ്രോജക്ട് ഐ. കെ.എം. നു അനുവദിച്ചിട്ടുണ്ട്.

| വർഷം | പ്രൊജക്ട് | ചെലവ് തുക | ബിൽ നമ്പർ |
|---|---|---|---|
| 2019-20 | 2/19-20 | 76075 | 282724/26.06.19 |
| 2020-21 | 2/20-21 | 98180 | 222898/2.06.20 |

പെരുമണ്ണ ഗ്രാമ പഞ്ചായത്തിലെ കമ്പ്യൂട്ടർ സോഫ്റ്റ് വെയർ സംവിധാനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള ചുമതല ഐ. കെ. എം. ആണ് ഏറ്റെടുത്തത്. പ്രസ്തുത സേവനങ്ങളുടെ ഉദ്ദേശ്യവും നിലവിലെ അവസ്ഥയും ചുവടെ ചേർക്കുന്നു.

| ക്രമ നം. | സോഫ്റ്റ്‌വെയറിന്റെ പേര് | ഉദ്ദേശ്യം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | സുലേഖ | വികേന്ദ്രീകൃതാസൂത്രണ പ്രക്രിയ നിരീക്ഷിക്കുന്നതിന് | ബജറ്റ് അനുമതി, പൊതുകണ ക്കുകൾ എന്നിവയുമായുള്ള സോഫ്റ്റ് വെയറുകളുമായി സംയോജിപ്പിച്ചിട്ടില്ല. |
| 2 | സേവന | ജനന മരണ വിവാഹ രജിസ്ട്രേഷൻ | സേവന പെൻഷനുമായി സംയോജിച്ചിട്ടില്ല |
| 3 | സേവന (പെൻഷൻ) | സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണം | സേവന മരണ ജനന സോഫ്റ്റ് വെയറുമായി സംയോജിച്ചിട്ടില്ല. മരണ ശേഷവും ഗുണഭോക്താക്കൾക്ക് പെൻഷൻ അനുവദിക്കപ്പെടുന്നുണ്ട്. |

| | | | |
|---|---|---|---|
| 4 | സാംഖ്യ | ഡബിൾ എൻട്രി അക്കൗണ്ട് കീപ്പിംഗ് | ഡിമാന്റ് നിശ്ചയിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും ചെലവു കൾ അനുമതി വിധേയമാണോ എന്നു പരിശോധിക്കുന്നതിനും കഴിയുന്നില്ല |
| 5 | സഞ്ചയ (വസ്തു നികുതി) | വസ്തു നികുതി ഓൺലൈനാക്കൽ | റിപ്പോർട്ടുകൾ കൃത്യമായി ലഭിക്കുന്നില്ല.പുതിയ ഡിമാന്റുകളും കുടിശ്ശികയും സെസ്സു കളും മറ്റും നിർണ്ണയിക്കാൻ വ്യവസ്ഥ യില്ല. ഓരോ ദിവസവും വ്യത്യസ്ത റിപ്പോർട്ടുകൾ ലഭിക്കുന്നു. |
| 6 | സഞ്ചയ (തൊഴിൽ നികുതി) | തൊഴിൽ നികുതി ഓൺലൈനാക്കൽ | ഡേറ്റാബേസ് അപൂർണ്ണം. ഓൺ ലൈനായി നികുതി സ്വീകരി ക്കാനും കഴിയുന്നില്ല. |
| 7 | സഞ്ചയ (ലൈസൻസുകൾ) | ലൈസൻസുകൾ ഓൺലൈനാക്കൽ | ഓൺലൈനായി അപേക്ഷ സ്വീക രിക്കാനും പുതുക്കാനും റദ്ദു ചെയ്യാനും തുടർ നടപടി സ്വീകരിക്കാനും പൂർ ണ്ണമായി കഴിയുന്നില്ല |
| 8 | സഞ്ചയ (റെന്റ് ഓൺ ലാന്റ് ആന്റ് ബിൽഡിംഗ്) | --- | വിവരം ലഭ്യമല്ല |
| 9 | സ്ഥാപന | ജീവനക്കാരുടെ ശമ്പളം നൽകൽ | സാംഖ്യയുമായി സംയോജിപ്പിച്ചിട്ടില്ല. സോഫ്റ്റ് വെയർ കാര്യ ക്ഷമമല്ല. എൻ,പി.എസ് കുടിശ്ശിക തുക അടയ്ക്കാൻ സാധിക്കുന്നില്ല |
| 10 | സത്വരം | പരാതി പരിഹാര സംവിധാനം | നിർദ്ദിഷ്ട രീതിയിൽ പ്രവർത്തനം തുടങ്ങിയിട്ടില്ല |
| 11 | സത്വരം | പരാതി പരിഹാര സംവിധാനം | നിർദ്ദിഷ്ട രീതിയിൽ പ്രവർത്തനം തുടങ്ങിയിട്ടില്ല |
| 12 | സകർമ്മ | കൗൺസിൽ മിനിട്സ് തയ്യാറാക്കൽ | ഉപയോഗിച്ച തുടങ്ങിയിട്ടുണ്ട് |
| 13 | സംവേദിത | വെബ്സൈറ്റ് | വിവരം ലഭ്യമല്ല |
| 14 | സചിത്ര | ആസ്തികൾ | നിർദ്ദിഷ്ട രീതിയിൽ പ്രവർത്തനം തുടങ്ങിയിട്ടില്ല. |

പ്രസ്തുത സേവനങ്ങളിൽ പൂർണ്ണമായി ഓൺലൈൻ ആക്കപ്പെട്ട സംവിധാനങ്ങൾ നിലവിലും പൂർണ്ണതയിൽ എത്താത്തതിനാൽ ഐ. കെ എം-ൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ അപര്യാപ്തമാണെന്ന് വ്യക്തമാകുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 12/ 20-21 25.11.21) ലഭ്യമാക്കിയ മറുപടിയിൽ ഐ. കെ. എം. ആയി ബന്ധപ്പെട്ട് അപാകതകൾ സ്വീകരിക്കാൻ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-23 കുടിവെള്ള വിതരണത്തിന്റെ ചെലവ് തുക ദുരന്ത നിവാരണ നിധിയിൽ നിന്ന് തിരികെ ലഭിയ്ക്കാൻ നടപടി സ്വീകരിച്ചില്ല

പ്രൊജക്ട് - 13/20-21

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

ചെലവ് - 290274-തനത് ഫണ്ട്

ബിൽ -703734/27.8.20

വരൾച്ചാ ദുരിതാതാശ്വാസത്തിന്റെ ഭാഗമായി കുടി വെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിനായി ,27.02.20 ലെ (സാധാ) 494/20/ത.സ്വ.ഭ.വ. എന്ന ഉത്തരവ് പ്രകാരം 2020 ൽ വർഷത്തിൽ കുടിവെള്ള വിതരണത്തിനായി സർക്കാർ അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ആണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പഞ്ചായത്ത് ടെണ്ടർ നടപടികളിലൂടെ വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായി കുടി വെള്ളം വിതരണം ചെയ്തതിന് 290274 /- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമം 166ാം വകുപ്പ 3 ാം പട്ടിക പ്രകാരം പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയും ജലവിതരണ പദ്ധതികളുടെ നടത്തിപ്പ് മേഖലാടിസ്ഥാനത്തിലുള്ള ചുമതലയുമാണ്. വരൾച്ചാ കാലത്ത് കുടിവെള്ള വിതരണം നടത്തേണ്ടത് ഗ്രാമ

പഞ്ചായത്തിന്റെ ചുമതലയിൽ ഉള്ള കാര്യമല്ല. 23.12.2017 ലെ (സാധാ) 787/2017/ത.സ്വ.ഭ.വ. നം. ഉത്തരവ് പ്രകാരം റവന്യൂ വകുപ്പിൽ നിക്ഷിപ്തമായിട്ടുള്ള ഉത്തരവാദിത്തമാണ് ഇത്. 20.06.2019 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഡിനേഷൻ കമ്മിറ്റിയുടെ യോഗതീരുമാനം നം 3.12 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ വരൾച്ച മുതലായ അടിയന്തിര സാഹചര്യങ്ങളിൽ കുടിവെള്ള വിതരണം നടത്തുമ്പോൾ അതിന്റെ ബിൽ തുക ജില്ല കളക്ടർമാർക്ക് നൽകി റീക്കൂപ്പ് ചെയ്ത് കിട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി LSGD-FM3/262/2019-LSGD നമ്പർ കത്തിലൂടെ അക്കാര്യം പഞ്ചായത്ത് ഡയറക്ടറെ അറിയിച്ചു.

കുടിവെള്ള വിതരണത്തിന് തടസ്സമുണ്ടാകരുത് എന്ന കാരണത്താലാണ് കുടിവെള്ള വിതരണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന/തനത് ഫണ്ട് ചെലവഴിക്കാൻ സർക്കാർ യഥേഷ്ടാനുമതി നൽകുന്നത്. ചെലവു തുക റീക്കൂപ്പ് ചെയ്യുന്നതിന് നടപടി സ്വീകരിക്കാത്തതിനാൽ 290274 - രൂപ തനത് ഫണ്ട് പഞ്ചായത്തിന് നഷ്ടമാകുന്ന അവസ്ഥയുണ്ട്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (18/20-21 24.11.21) ലഭ്യമാക്കിയ മറുപടിയിൽ ഓഡിറ്റ് നിർദ്ദേശാനുസരണം തുക റിക്കൂപ്പ് ചെയ്തു കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട് 290274 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-24 തൊഴിലുറപ്പ് പദ്ധതി - മസ്റ്റർ റോൾ പ്രകാര മല്ലാതെ പ്രവർത്തി നടത്തി.

2020-21 വർഷത്തെ ആക്ഷൻ പ്ലാൻ പ്രകാരം നടപ്പിലാക്കിയിട്ടുള്ള കാലിത്തൊഴുത്ത് നിർമ്മാണം- കല്യാണി വാർഡ് 17 എന്ന തൊഴിലുറപ്പ പദ്ധതി പ്രകാരമുള്ള പ്രവർത്തിയിൽ 124000 രൂപ വകയിരുത്തി അഞ്ചു പശുക്കളെ വളർത്തുന്നതിന് സൗകര്യമുള്ള തൊഴുത്ത് നിർമ്മിക്കുന്നതിനാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത് (ടി.എസ് നം-1604005008/20-21) ,ഈ പ്രവർത്തിയിൽ 13-10-21 ലെ മസ്റ്റർ റോൾ 5483/29.9.21 പ്രകാരം പ്രവർത്തി ചെയ്തതിന് 2072 രൂപ കല്യാണി എന്ന ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. 30.9.21 മുതൽ 6.10.21 വരെ കല്യാണി എന്ന ഗുണഭോക്താവ് തൊഴിൽ ചെയ്തതിനുള്ള കൂലിയാണ് ഇത്. ഈ പ്രവർത്തിക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് 28.9.21ന് അനുവദിച്ച സ്കിൽഡ് തെഴിലാളികൾക്കുള്ള മസ്റ്റർ റോൾ 5460 പ്രകാരം ഈ പ്രവർത്തി 30.9.21 മുതൽ 6.10.21 വരെ നടക്കേണ്ടതാണ് എന്നാൽ ഈ മസ്റ്റർ റോൾ പ്രകാരം പ്രവർത്തിയൊന്നും നടത്തിയിട്ടില്ല .25.11.21 ന് വാർഡ് 17 ലെ സ്ഥല സന്ദർശനം നടത്തിയപ്പോൾ തൊഴുത്തിന്റെ പ്രവർത്തി പൂർത്തിയായതായി കാണാൻ കഴിഞ്ഞു . പശുക്കൾ ഇല്ലാത്തതിനാൽ തൊഴുത്ത് പശുവളർത്തലിനായി ഉപയോഗിക്കാൻ തുടങ്ങിയിട്ടില്ല. ഗുണഭോക്താവ് പ്രവർത്തി സ്വന്തംനിലയ്ക്ക് പൂർത്തീകരിച്ചതാണോ എന്ന് വ്യക്തമല്ല . അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 24/20-21 26.11.21)യ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത ഗുണഭോക്താവിന്റ പ്രത്യോക സാഹചര്യത്തിൽ പ്രവർത്തി സ്വമേധയാ പൂർത്തിയാക്കാൻ അനുവദിക്കുകയായിരുന്നു എന്ന് അറിയിച്ചു. ഇത്തരം അപാകതകൾ ആവർത്തിക്കരുത് എന്ന കർശന നിർദ്ദേശത്തോടെ അംഗീകരിക്കുന്നു. മേൽ പ്രവ്യത്തിയിൽ മെഷർമെന്റ് പൂർത്തീകരിച്ച് ബാക്കി അനുവദിക്കാനുള്ള തുക കല്ല്യാണിയുടെ അക്കൗണ്ടിലേക്ക് അനുവദിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-25 സോഫ്റ്റ്‌വെയർ തകരാർ കാരണം എൻപിഎസ് ബാധകമായിട്ടുള്ള ജീവനക്കാരുടെ ശമ്പള കുടിശ്ശിക യിൽ നിന്ന് പെൻഷൻ വിഹിതം എൻപിഎസ് അക്കൗണ്ടിലേക്ക് അടവാക്കിയില്ല

പെരുമണ്ണ ഗ്രാമ പഞ്ചായത്തിലെ എൻ. പി. എസ് ബാധകമായ ജീവനക്കാരുടെ ഡിഎ കുടിശിക,ഡഫേർഡ് സാലറി എന്നിവ അനുവദിച്ചപ്പോൾ ആ തുകയ്ക്ക് ആനുപാതികമായി പെൻഷൻ വിഹിതം എൻ.പി.എസ് അക്കൗണ്ടിലേക്ക് അടക്കാൻ സാധിച്ചിട്ടില്ല . കുടിശ്ശിക ശമ്പളം നൽകുമ്പോൾ അതിന്റെ 10 ശതമാനം എൻപിഎസ് ജീവനക്കാരുടെ പ്രാൺ അക്കൗണ്ടിലേക്ക് പഞ്ചായത്ത് വിഹിതവും ജീവനക്കാരന്റെ വിഹിതവും അടക്കേണ്ടതുണ്ട് .എന്നാൽ ജീവനക്കാരുടെ ശമ്പളം കൈകാര്യം ചെയ്യുന്ന സ്ഥാപന സോഫ്റ്റ്‌വെയറിൽ കുടിശ്ശിക ശമ്പളം ജീവനക്കാരുടെ പ്രാൺ അക്കൗണ്ടിൽ എൻട്രി വരുത്തുന്നതിനായി ഓപ്ഷൻ നിലവിൽ ഇല്ലാത്തതിനാൽ പ്രസ്തുത തുക എൻപിഎസ് അക്കൗണ്ടിൽ അടയ്ക്കാൻസാധിക്കാതെ ശമ്പള ബില്ലിൽ നിന്നും പിൻ വലിച്ച് പഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | ജീവനക്കാരനെ പേര് | ഡി എ കുടിശ്ശിക യുടെ എൻപിഎസ് ജീവനക്കാരന്റെവിഹിതം | ഡി എ കുടിശ്ശിക യുടെ എൻപിഎസ് പഞ്ചായത്ത് വിഹിതം | ഡഫർ ചെയ്ത ശബളത്തിന്റെ എൻപി എസ്-ജീവനക്കാരന്റെ വിഹിതം | ഡഫർ ചെയ്ത ശബളത്തിന്റെ എൻപി എസ് പഞ്ചായത്ത് വിഹിതം |
|---|---|---|---|---|---|
| 1 | ശ്രീ.നിധിൻ കെ | 7872 | 7872 | 3336 | 3336 |

| | | | | | |
|---|---|---|---|---|---|
| 2 | ശ്രീമതി. റാബിയ.പി | 6611 | 6611 | 2808 | 2808 |
| 3 | ശ്രീ. രഞ്ജിത്ത്. കെ | 5962 | 5962 | 2532 | 2532 |
| 4 | ശ്രീമതി .ശ്രീജ .കെ .വി | 5488 | 5488 | 2340 | 2340 |
| 5 | ശ്രീ. സുനിൽകുമാർ.പി | 6029 | 6029 | 2598 | 2598 |
| 6 | ശ്രീമതി .ഗീത | 5888 | 5888 | - | - |
| 7 | ശ്രീമതി.നിഷ.പി | 6021 | 6021 | - | - |
| 8 | ശ്രീമതി.റീന.പി | - | - | 2466 | 2466 |
| 9 | ശ്രീ.ഷെയ്ഫു.പി | - | - | 2598 | 2598 |
| 10 | ശ്രീമതി.നൂറിയ എം.പി | - | - | 2400 | 2400 |
| | ആകെ | 43871 | 43871 | 21078 | 21078 |

എൻ.പി.എസ് വിഹിതം ആയി മേൽ കാണിച്ച പ്രകാരം ജീവനക്കാരന്റെ പെൻഷൻ അക്കൗണ്ടിലേയ്ക്ക് പോകേണ്ട 129898 അടയ്ക്കാത്തത് വീഴ്ചയാണ്. ഇതിൽ ഡിഎ കുടിശിക ആയി അടച്ച തുക ഗ്രാമപഞ്ചായത്തിന് അക്കൗണ്ടിലും ഡഫേർഡ് സാലറിയിൽ നിന്നും പിൻവലിച്ച തുക പഞ്ചായത്ത് ഡെപ്യൂട്ടിഡയറക്ടറുടെ അക്കൗണ്ടിലും ആണ് സൂക്ഷിച്ചിരുന്നത്. ജീവനക്കാരുടെ അക്കൗണ്ടിലേക്ക് തുക നാളിതുവരെ അടവാക്കിയില്ല ഗ്രാമ പഞ്ചായത്ത് മേൽ തുക ലയബിലിറ്റി ഹെഡിലേക്ക് മാറ്റിയിട്ടില്ല.

സ്ഥാപന വെബ്ബിൽ രേഖപ്പെടുത്തിയാൽ മാത്രമേ സി.ആർ.ഐ യിലേക്ക് യഥാസമയം അടവ് തുകയുടെ വിവരങ്ങൾ നൽകാൻ സാധിക്കുകയുള്ളൂ. സ്ഥാപന സോഫ്റ്റ്‌വെയറിലെ ഈ അപാകത പരിഹരിക്കുന്നതിനായി പരാതി നൽകിയപ്പോൾ ഐ.കെ.എം. ലഭ്യമാക്കിയ മറുപടിയിൽ ഡി.എ അരിയർ, പ്രൊമോഷൻ അരിയർ, ഗ്രേഡ് അരിയർ എന്നിവ സ്ഥാപന വെബിൽ ചേർത്ത് അപ്ലിക്കേഷൻ റെഡി ആകാത്തത് പഞ്ചായത്ത് ഡയറക്ടറേറ്റിലെ എൻ.പി.എസ് സെല്ലിൽ നിന്ന് ഐഡി ലഭിക്കാത്തതിനാലാണ് എന്നാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (14/ 20-21 25.11.21) യ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ പരാമർശിച്ച പ്രകാരം അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-26 സാമൂഹ്യസുരക്ഷാപെൻഷൻ - മരണപ്പെടുന്ന ഗുണഭോക്താക്കൾക്ക് പെൻഷൻ അനുവദിക്കുന്നത്**

പഞ്ചായത്തിലെ പെൻഷൻ വിതരണ വിശദാംശങ്ങൾ പരിശോധിച്ചപ്പോൾ വിവിധ പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെടുമ്പോൾ പെൻഷൻ വിതരണം നിർത്തിവയ്ക്കുന്ന നടപടിക്രമങ്ങളിൽ വീഴ്ച്ചയുള്ളതായി കാണുന്നു. ഇത് സംബന്ധിച്ച കൃത്യമായ ഒരു കണക്കോ രജിസ്റ്ററോ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. പഞ്ചായത്തിൽ മരണപ്പെടുന്ന ഗുണഭോക്താക്കളുടെ വിവരങ്ങൾ സംബന്ധിച്ച വിവരങ്ങൾ നിരീക്ഷിക്കുന്നതിന് വ്യക്തമായ സംവിധാനങ്ങളില്ല. ആയതിനാൽ തന്നെ പല സാഹചര്യത്തിലും മരണപ്പെട്ടതിനുശേഷവും ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം ചെയ്യുന്നതായി കാണുന്നുണ്ട് . സേവന സോഫ്റ്റ് വെയറിൽ മരണവിവരം രേഖപ്പെടുത്തുന്ന സോഫ്റ്റ് വെയറും പെൻഷൻ സോഫ്റ്റ് വെയറും ലിങ്ക് ആക്കിയിട്ടില്ല. നിലവിൽ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ മരണപ്പെട്ടാൽ മരണസർട്ടിഫിക്കറ്റിന് അപേക്ഷിക്കുമ്പോഴും മരണപ്പെട്ട ഗുണഭോക്താവിന്റെ കുടുംബത്തിലുള്ളവർ പെൻഷൻ നിർത്തലാക്കുന്നതിന് വേണ്ടി അപേക്ഷ നൽകുമ്പോഴും, ബാങ്കിൽ നിന്ന് മരണപ്പെട്ടവരുടെ ലിസ്റ്റ് പ്രകാരം അപേക്ഷ നൽകുമ്പോഴുമാണ് ഗ്രാമപഞ്ചായത്ത് ഉപഭോക്താവിന് പെൻഷൻ നൽകുന്നത് നിർത്തി വെക്കുന്നത്. പല സാഹചര്യങ്ങളിലും മരണപ്പെട്ടതിനുശേഷവും ഗുണഭോക്താക്കൾക്ക് പെൻഷൻ അനുവദിക്കുന്നതായി വ്യക്തമാകുന്നുണ്ട് ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു .

1) 17.11.20 ന് പെരുമണ്ണ സർവീസ് സഹകരണ ബാങ്ക് വിതരണം ചെയ്തു വരുന്ന പെൻഷനിൽ ഒക്ടോബർ മാസം വന്ന പെൻഷൻ ലിസ്റ്റിൽ മരണപ്പെട്ട 60 ഗുണഭോക്താക്കളുടെ ലിസ്റ്റ് അവരുടെ പെൻഷൻ നിർത്തലാക്കുന്നതിന് വേണ്ടി ബാങ്ക് ഗ്രാമപഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട് . 2021 നവംബർ മാസത്തെ പെൻഷൻ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയവരുടെ ലിസ്റ്റ് പരിശോധിച്ചപ്പോൾ ബാങ്ക് സമർപ്പിച്ച ലിസ്റ്റിലെ ഗുണഭോക്താക്കളുടെ പേരുകൾ ലിസ്റ്റിൽനിന്ന് 19.11.2021 ന് താൽക്കാലികമായി ഒഴിവാക്കിയിട്ടുണ്ട്. ബാങ്ക് സമർപ്പിച്ച ലിസ്റ്റിൽ ഉള്ളവർ മരണപ്പെട്ട തീയതി കത്തിൽ ഇല്ല ബാങ്കിൽ നിന്ന് അപേക്ഷ ലഭിച്ചതിനു ശേഷമാണ് ഗുണഭോക്താക്കളുടെ പേര് ലിസ്റ്റിൽ നിന്ന്

ഒഴിവാക്കിയത് .ഗുണഭോക്താക്കൾ മരണപ്പെട്ട തീയതി മുതൽ പെൻഷൻ പെൻഷൻ നിർത്തിവെച്ച തീയതി വരെ അനുവദിച്ചിട്ടുള്ള പെൻഷൻ തുക തിരിച്ചടച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

2 ) 110640201688 നമ്പർ ഉള്ള കെ പി മുഹമ്മദ് എന്ന ഗുണഭോക്താവിന് പെൻഷൻ ബാങ്ക് നേരിട്ട് വീട്ടിൽ എത്തിക്കുകയാണ് ചെയ്യുന്നത്. 2.6.21 മരണപ്പെട്ടിട്ടും ബാങ്ക് പെൻഷൻ നൽകുന്നത് തുടർന്നിട്ടുണ്ട്. 20.9.21 മകൻ അപേക്ഷ നൽകിയപ്പോൾ മാത്രമാണ് പെൻഷൻ നിർത്തൽ ചെയ്തത് .

3) മരണശേഷവും പെൻഷൻ അനുവദിച്ച കഴിഞ്ഞിട്ടുള്ള സാഹചര്യങ്ങളിൽ മരണശേഷം അനുവദിച്ച പെൻഷൻ തുക സംസ്ഥാന സഹകരണ ബാങ്ക് ഡീ.ബി.ടി സെല്ലിലേക്ക് തിരിച്ചടക്കാൻ ഗ്രാമപഞ്ചായത്ത് അതാത് ബാങ്കുകൾക്ക് കത്ത് അയക്കുന്നുണ്ട്. എന്നാൽ തുകകൾ ട്രാൻസ്ഫർ ചെയ്യുന്നതിന്റെ വിശദാംശങ്ങൾ ബാങ്ക് പഞ്ചായത്തിന് നൽകുന്നില്ല. ഉദാഹരണം വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താക്കൾ ആയ ശ്രീ. അസ്സയിൻ.ടി.കെ, ശ്രീ.ഗംഗാധരൻ പിരണിക്കുളം എന്നിവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് മരണശേഷം അനുവദിച്ച യഥാക്രമം 1800 1600 എന്നീ തുകകൾ തിരികെ അടയ്ക്കാൻ ബാങ്കിന് കത്തയക്കുക മാത്രമാണ് പഞ്ചായത്ത് ചെയ്തത്. തുക അക്കൗണ്ടിലേക്ക് തിരിച്ചടിച്ചതിന്റെ വിശദാംശങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. പെൻഷണറുടെ മരണശേഷം പെൻഷൻ നിർത്തുന്നത് സംബന്ധിച്ച വിവരം ഗ്രാമ പഞ്ചായത്ത് ഡി.ബി.ടി സെല്ലിലേയ്ക്ക് അറിയിക്കുന്നതായി കാണുന്നില്ല

4) താഴെ പറയുന്ന ഗുണഭോക്താക്കൾ മരണപ്പെട്ട് മാസങ്ങൾ കഴിഞ്ഞാണ് പെൻഷൻ സോഫ്റ്റ് വെയറിൽ പെൻഷൻ നിർത്തൽ ചെയ്യുന്നത്. വിശദാംശങ്ങൾ

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐഡി | മരണപ്പെട്ട തിയ്യതി | പെൻഷൻ നിർത്തിയ തിയ്യതി |
|---|---|---|---|
| ഏലിക്കുട്ടി ജോസഫ് | 11640200428 | 17.03.28 | 19.06.21 |
| മുഹമ്മദ് | 11640201668 | 2.6.21 | 10.11.21 |
| വേലായുധൻ | 11640200205 | 23.5.21 | 19.11.21 |
| രാജൻ | 11640200873 | 3.8.21 | 19.22.21 |
| അഹമ്മദ് | 11640202789 | 8.7.21 | 19.11.21 |
| മുഹമ്മദ്.കെ | 11640200607 | 18.7.21 | 22.11.21 |

മേൽ ഗുണഭോക്താക്കൾക്ക് അധികം നൽകിയ പെൻഷൻ തിരികെ അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (25/20-21 26.11.21) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സോഫ്റ്റ് വെയറുകളുടെ സംയോജനത്തിനായി നടപടികൾ സ്വീകരിക്കും എന്നും തുക തിരിച്ചടതിന്റെ വിശദാശങ്ങൾ ലഭ്യമാക്കുമെന്നും അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-27 ആസ്തികൾ പ്രവർത്തന സജ്ജമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്**

**1)കാർഷിക വിപണന കേന്ദ്രം - പ്രവർത്തന സജ്ജമായില്ല**

പദ്ധതി നം. - 200/2021 കാർഷിക വിപണന കേന്ദ്രം നിർമാണം

അടങ്കൽ – 2699000

ചെലവ് – 2307939

ബിൽ നം 30/ 04/05/2020 646998

ബിൽ നം 20/ 11/04/2020 999000

ബിൽ നം 192/ 13/01/2021 661941

നിർവഹണോദ്യോഗസ്ഥൻ – അസിസ്റ്റന്റ് എൻജിനീയർ

പഞ്ചായത്തിലെ കാർഷിക ഉൽപന്നങ്ങളുടെ വിപണന സാധ്യത വർദ്ധിപ്പിക്കുക എന്ന ഉദ്ധേശ്യ ലക്ഷ്യത്തോടെയാണ് ഈ പദ്ധതി രൂപീകരിച്ചിട്ടുള്ളത് . എം ബുക്കിൽ രേഖപ്പെടുത്തിയത് പ്രകാരം 08/05/2020 ന് കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. 25-11-2021 ന് നിർവ്വഹണോദ്യോഗസ്ഥൻമാരുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തുകയുണ്ടായി. പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ താഴെ ചേർക്കുന്നു.

1)കെട്ടിടത്തിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടില്ല.

2) കെട്ടിടം അടഞ്ഞു കിടക്കുന്നു. കെട്ടിടത്തിൽ കാർഷിക വിപണന കേന്ദ്രം തുടങ്ങുന്നതുനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല

കാർഷിക വിപണന കേന്ദ്രം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം നിറവേറ്റുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**2)ബസ് സ്റ്റാന്റ് ടോയിലറ്റ് ബ്ലോക്ക് -പോതുജനങ്ങൾക്ക് തുറന്നു കൊടുത്തില്ല**

**പദ്ധതി നം 137/2021 ബസ് സ്റ്റാന്റ് ടോയിലറ്റ് കോംപ്ലക്സ് നിർമാണം**

അടങ്കൽ – 440425

ചെലവ് – 178801

ബിൽ നം. - 67/ 06/08/2020 178801

നിർവഹണോദ്യോഗസ്ഥൻ – അസിസ്റ്റന്റ് എൻജിനീയർ

ഗ്രാമപഞ്ചായത്തിലെ പൊതുജനങ്ങൾക്ക് ടോയിലറ്റ് സൗകര്യം ഒരുക്കുക എന്ന ഉദ്ദേശത്തോടെയാണ്, ഗ്രാമ പഞ്ചായത്ത് ബസ് സ്റ്റാന്റിൽ ടോയിലറ്റ് നിർമിക്കുന്നതിന് 2018-19 സാമ്പത്തിക വർഷം പദ്ധതി വെച്ച് തുക വകയിരുത്തിയിരുന്നു.(150/19). പദ്ധതി സ്പിൽ ഓവറായി മാറി ,25/02/2020 ന് പണി പൂർത്തീകരിച്ചു.

25-11-2021 ന് നിർവ്വഹണോദ്യോഗസ്ഥൻമാരുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തുകയുണ്ടായി. പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ താഴെ ചേർക്കുന്നു

1)പഞ്ചായത്ത് കെട്ടിടത്തിന്റെ വലത് ഭാഗത്ത് പിറക് വശത്തായാണ് ടോയിലറ്റ് നിർമിച്ചിട്ടുള്ളത്.

2)പഞ്ചായത്ത് എം സി എഫ് സെന്ററിലെ മാലിന്യങ്ങൾ ടോയിലറ്റിലേക്കുള്ള വഴിയിൽ കൂട്ടിയിട്ടിരിക്കുന്നു. അതിനാൽ പൊതു ജനങ്ങൾ എത്തിച്ചേരുന്നതിന് പ്രയാസകരമാണ്.

3)പൂർത്തീകരിച്ച രണ്ട് ടെയിലറ്റുകളിൽ ഒന്ന് എം. സി. എഫ് സെന്ററിലെ വനിതാ തൊഴിലാളികൾ ഉപയോഗിക്കുന്നു.

4)രണ്ടാമത്തെ ടോയിലറ്റിൽ എം. സി. എഫ് സെന്ററിലെ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിച്ച് വെക്കുന്നത് കൊണ്ട് ടോയിലറ്റിന്റെ ഉപയോഗം സാധ്യമാവുന്നില്ല

5) പണി പൂർത്തീകരിച്ച് 21 മാസം പിന്നിടുമ്പോഴും ടോയിലറ്റ് പൊതു ജനങ്ങൾക്കായി തുറന്ന് കൊടുത്തിട്ടില്ല

ടോയിലറ്റ് പൊതുജനങ്ങൾക്ക് തുറന്ന് കൊടുക്കാനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-28 പൊതു മരാമത്ത് -പദ്ധതി രൂപീകരണ – നിർവ്വഹണത്തിലെ അപാകതകൾ**

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനായി 29.1.2018 ലെ നമ്പർ 11/2018/ത.സ്വ.ഭ.വ. ഉത്തരവിലൂടെ വിശദമായ നിർദ്ദേശങ്ങൾ സർക്കാർ നൽകിയിട്ടുണ്ട്. ഈ ഉത്തരവിലെ ഖണ്ഡിക 2.3 ൽ പദ്ധതി തയ്യാറാക്കേണ്ടതിന്റെ പൊതുവ്യവസ്ഥകൾ വിവരിക്കുന്നു. ഇതിൽ നിർദ്ദേശം 6,7 എന്നിവയിൽ, തദ്ദേശ സ്ഥാപനം തയ്യാറാക്കുന്ന അവസ്ഥാരേഖയിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടത്. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളും, വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം കുറയ്ക്കണമെന്നും ഇതിൽ നിർദ്ദേശിക്കുന്നു. എന്നാൽ 2020-21 വർഷങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ ഈ നിർദ്ദേശം പാലിക്കാൻ പഞ്ചായത്ത് യാതൊരു ശ്രമവും നടത്തിയിട്ടില്ല എന്ന് കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

2020-21 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 134 പ്രോജക്ടുകളാണ് രൂപീകരിച്ചിരിക്കുന്നത്. ഇതിൽ 19 സ്പിൽഓവർ പ്രവൃത്തികളും ഉൾപ്പെടുന്നു. മുൻവർഷത്തിൽ പ്രവൃത്തി പൂർത്തീകരിച്ച് തുക നൽകാനാകാതെ ക്യൂബില്ലിൽ ഉൾപ്പെട്ട 14 പ്രവൃത്തികൾ 2020-21 ലേയ്ക്ക് സ്പിൽഓവർ പ്രവൃത്തിയാക്കേണ്ടി വന്നിട്ടുണ്ട്. ബാക്കിയുള്ള 5 പ്രോജക്ടുകൾ പ്രവൃത്തി പൂർത്തീകരണത്തിനായി സ്പിൽഓവർ ആക്കി. മുകളിൽ വിവരിച്ച രീതിയിൽ പ്രോജക്ടുകളുടെ ബാഹുല്യം വിവിധയിനം അപാകതകൾക്ക്/ പോരായ്മകൾക്ക് വഴിവച്ചിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു,

1. കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് നികുതിയിനത്തിൽ ചോർച്ച

ആകെ 134 പ്രോജക്ടുകളിൽ 93 എണ്ണവും 250000/- രൂപയോ അതിൽ കുറവോ അടങ്കൽ വരുന്നവയാണ്. 10 പദ്ധതികൾ മാത്രമാണ് 5 ലക്ഷമോ അതിലധികമോ അടങ്കൽ തുകയിൽ തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ 4എണ്ണം മാത്രമാണ് പുതിയ പ്രോജക്ടുകൾ. അതായത് തൻവർഷം 115 പുതിയ പ്രോജക്ടുകൾ രൂപീകരിച്ചതിൽ 4എണ്ണം മാത്രമാണ് ഉയർന്ന അടങ്കൽ തുകയോടെയുള്ളത്. ജി.എസ്.ടി. നിലവിൽ വന്നതിനു ശേഷം 250000 ത്തിനു മുകളിൽ പ്രവൃത്തിമൂല്യമുള്ള പ്രവൃത്തികൾക്ക് 2% ജി.എസ്.ടി. ബിൽ തുകയിൽ നിന്നും ഈടാക്കി അടവാക്കേണ്ടതുണ്ട്. മേൽ രീതിയിൽ ചെറിയ തുകയുള്ള വിവിധ പ്രവൃത്തികളാക്കുന്നതു മൂലം കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് നികുതിയിനത്തിൽ ചോർച്ചയുണ്ടാവുന്നു. കരാറുകാർക്ക് അമിതലാഭത്തിനും ഇതു സാധ്യതയുണ്ടാക്കുന്നു. പ്രോജക്ടുകളെല്ലാം അഞ്ചു ലക്ഷത്തിൽ കുറഞ്ഞ അടങ്കലിൽ തയ്യാറാക്കുന്നതിനാൽ ഇ-ടെണ്ടർ നടപടി ഒഴിവാക്കാൻ അവസരം ലഭിക്കുകയും, ടെണ്ടറുകളിലെ മത്സര സ്വഭാവം കുറയുന്നതിന് കാരണമാകുകയും ചെയ്യുന്നു.

<u>2. ജീവനക്കാരുടെ ജോലിഭാരം വർദ്ധിക്കുന്നു</u>

സമഗ്രമായി പദ്ധതികൾ രൂപീകരിക്കാതെ തുടർച്ചയായ വർഷങ്ങളിൽ ഒരേ റോഡിൽ/കെട്ടിടത്തിൽ വ്യത്യസ്ത പദ്ധതി രൂപീകരിക്കുന്നതും, വിഭവങ്ങളുടെ/ഫണ്ടിന്റെ ചെറിയ തോതിലുള്ള വ്യന്യാസം നടത്തി കൂടുതൽ എണ്ണത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്തിലെ വിവിധ വിഭാഗം ജീവനക്കാരുടെ, പ്രത്യേകിച്ച് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ജോലി ഭാരം കൂട്ടുന്നതിനു കാരണമാകുന്നതിനു പുറമെ ഈ രീതിയിൽ പദ്ധതികളുടെ ബാഹുല്യം ഇവയുടെ സമയബന്ധിതമായ പൂർത്തീകരണത്തിനും വിലങ്ങുതടിയാകുന്നു.

<u>3. പ്രവൃത്തികളുടെ മേൽനോട്ടം/മോണിറ്ററിംഗ് ഫലപ്രദമായി നടത്താനാകുന്നില്ല</u>

പ്രോജക്ടുകളുടെ ബാഹുല്യം പ്രോജക്ടുകളുടെ ഫലപ്രദമായ മേൽനോട്ടത്തിന് തടസ്സമാകുന്നുണ്ട്. അസി.എഞ്ചിനീയറും രണ്ടു ഓവർസിയർമാരുമടങ്ങുന്ന സാങ്കേതിക വിഭാഗത്തിന് പഞ്ചായത്തിന്റെ പദ്ധതികൾക്കു പുറമേ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടേയും, എം.എൽ.എ, എം.പി.ഫണ്ട് വിനിയോഗിച്ചുള്ള പ്രവർത്തനങ്ങളുടേയും, മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി, സർക്കാർ അതതു സമയങ്ങളിൽ ഏൽപ്പിക്കുന്ന മറ്റു പ്രവർത്തനങ്ങൾ എന്നിവയെല്ലാം നിർവ്വഹിക്കേണ്ടതുണ്ട്. പദ്ധതികളുടെ നിർവ്വഹണസമയം സാങ്കേതിക വിഭാഗത്തിന് എല്ലാ സൈറ്റുകളിലും മുഴുവൻ സമയം മേൽനോട്ടം സാധ്യമാകുന്നില്ല. ഇത് പ്രവൃത്തികളുടെ ഗുണനിലവാര കുറവിന് കാരണമാകുന്നു.

<u>4. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാനാകുന്നില്ല</u>

തൻവർഷം അസിസ്റ്റന്റ് എഞ്ചിനീയർ ചെലവഴിച്ച ആകെ 25435565 /- രൂപയിൽ 9506392 രൂപ(37.4 % തുകയും) ചെലവഴിച്ചത് സ്പിൽഓവർ പ്രവൃത്തികൾക്കാണ്. സ്പിൽഓവർ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകയുടെ ഫണ്ട് തിരിച്ച വിവരം ചുവടെ കൊടുക്കുന്നു,

| ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 0 |
| വികസനഫണ്ട് എസ്.സി.പി. | 230000 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 10169119 | 1503110 |
| സംരക്ഷണഗ്രാന്റ് റോഡ് | 8810600 | 3552686 |
| സംരക്ഷണഗ്രാന്റ് റോഡിതരം | 3181663 | 1163663 |
| തനതുഫണ്ട് | 5790000 | 0 |
| സംസ്ഥാനാവിഷ്കൃതഫണ്ട് | 106000 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1470425 | 178801 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 914448 | 661941 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 3000000 | 2446191 |
| മറ്റുള്ളവ | 1697000 | 0 |
| ആകെ | 35369255 | 9506392 |

മേൽ വിവരിച്ചതിൽ ധനകാര്യകമ്മീഷൻ ഗ്രാന്റ്, സംരക്ഷണഗ്രാന്റ് റോഡ്, റോഡിതരം എന്നിവയുടെ ആകെ ചെലവിന്റെ ഭൂരിഭാഗവും സ്പിൽ ഓവർ പ്രവൃത്തികൾക്കാണ് ചെലവിട്ടത്.

| ഫണ്ടിനം | ആകെ ചെലവ് | സ്പിൽഓവർ പദ്ധതി ചെലവ് | ശതമാനം |
|---|---|---|---|
| സംരക്ഷണഗ്രാന്റ് റോഡ് | 6216000 | 3552686 | 57% |
| സംരക്ഷണഗ്രാന്റ് റോഡിതരം | 1521197 | 1163663 | 76% |

മേൽ അവസ്ഥയ്ക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ട പ്രധാന നടപടി പ്രോജക്ടുകളുടെ ബാഹുല്യം ഒഴിവാക്കുക എന്നതു മാത്രമാണ്. ഓരോ വർഷവും പഞ്ചായത്ത് പ്രദേശത്ത് വിനിയോഗിക്കാനുതകും വിധം ലഭിക്കുന്ന ഫണ്ടിനങ്ങൾ പഞ്ചായത്തിന്റെ അനാസ്ഥമൂലം പാഴായിപ്പോകുന്നത് ഒഴിവാക്കേണ്ടതും, സേവനങ്ങൾ സംസ്ഥാന സർക്കാർ ലഭ്യമാക്കുന്ന തോതിൽ ജനങ്ങളിൽ എത്തിക്കുന്നതിനുള്ള ശ്രമങ്ങൾ പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് ഉണ്ടാകേണ്ടതുമാണ്.

## 1-29 ഹരിത കർമ്മ സേനക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട്

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | ഹരിത കർമ്മ സേനക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് |
| പ്രൊജക്ട് നമ്പർ | 215/21 |
| വകയിരുത്തിയ തുക | 208800/-(CFC) |
| ചെലവഴിച്ച തുക | 208800/-(179288+29512) |
| ബിൽ നമ്പർ,തിയ്യതി,തുക | 391/26.03.2021- 179288/- |

പെരുമണ്ണ പഞ്ചായത്തിൽ 37അംഗങ്ങളുള്ള ഹരിതകർമ്മ സേനയുടെ പ്രവർത്തനം ജനുവരി 2021 ലാണ് ആരംഭിച്ചത്. 2021 ജനുവരി,ഫെബ്രുവരി മാസങ്ങളിലെ തനത്ഫണ്ട് ഉപയോഗിച്ച് നൽകിയ വേതനത്തിനുപുറമെ 179288/-രൂപ തൊഴിലാളികൾക്ക് നൽകാനുണ്ടായിരുന്നു. വി.ഇ.ഒ.നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം 179288/-രൂപ വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ഇനത്തിൽ ഹരിതകർമ്മസേനയുടെ എക്കൌണ്ടിലേക്ക് നൽകിയിട്ടുണ്ട്.

സർക്കാർ ഉത്തരവ്(62/2020/തസ്വഭവ.11.04.20)ഖണ്ഡിക 7(3) ൽ കോവിഡ് 19 ന്റെ സവിശേഷസാഹചര്യവും മൺസൂണിന് മുന്നോടിയായുള്ള മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളും കണക്കിലെടുത്ത് ഹരിതകർമ്മസേനക്കുള്ള വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ആറ്മാസത്തേക്ക്കൂടി ദീർഘിപ്പിച്ച് നൽകുന്നതിനുള്ള പ്രൊജക്ട് ഏറ്റെടുക്കാനാണ് നിർദ്ദേശിച്ചത്. പ്രസ്തുത നിർദ്ദേശപ്രകാരം പ്രൊജക്ട് ഏറ്റെടുക്കാൻ ഹരിതകർമ്മസേനയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടായിരുന്നില്ല. 2021 ജനുവരിയിലാണ് സേനയുടെ പ്രവർത്തനമാരംഭിച്ചത്. അതിനുശേഷമാണ് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് വിനിയോഗിച്ചത്. എന്നാൽ പ്രസ്തുത കാലയളവിലേക്ക് വയബിലിറ്റിഗ്യാപ്പ് ഫണ്ട് വിനിയോഗിക്കാൻ മേൽ ഉത്തരവുപ്രകാരം അനുവാദം നൽകിയതായി കാണുന്നില്ല. ആയതിനാൽ വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ഇനത്തിനുള്ള ചെലവിന് സാധൂകരണം വാങ്ങേണ്ടതാണ്.

## 1-30 ക്രമീകരിക്കാത്ത മുൻകൂറുകൾ

04/10/2011 ലെ സ.ഉ(പി) 419/11 ധന നമ്പർ ഉത്തരവ് പ്രകാരം ആകസ്മിക ചെലവുകൾക്കായി അനുവദിക്കുന്ന മുൻകൂർ തുകകൾ മൂന്നു മാസത്തിനുള്ളിൽ ഫൈനൽ ബിൽ സമർപ്പിച്ച് ക്രമീകരിക്കേണ്ടതും വീഴ്ചവരുത്തിയാൽ മുൻകൂർ നല്കിയ മുഴുവൻ തുകയും അനുവദിച്ച തീയതി മുതൽ തിരികെ ഒടുക്കുന്ന തീയതി വരെ 18% പലിശ ഈടാക്കേണ്ടതുമാണ്.
പെരുമണ്ണ ഗ്രാമ പഞ്ചായത്തിൽ 2020-21വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി, അഡ്വാൻസ് രജിസ്റ്റർ, വാർഷിക കണക്ക് (B-18 ഷെഡ്യൂൾ) എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന പ്രകാരം മുൻകൂറുകൾ ക്രമീകരിക്കാതെ നിലനിൽക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തുക നൽകിയ തിയ്യതി | തുക | കൈപ്പറ്റിയ ആളുടെ പേര് | റിമാർക്സ് |
|---|---|---|---|---|
| 1 | 26.08.20 | 12000 | ശ്രീമതി.സബിത, ക്ലാർക്ക്കേരള ജല അതോറിറ്റി | ഓണം അഡ്വാൻസ് |
| 2 | 20.01.20 | 1250 | ശ്രീ.ബാലൻ നായർ, വൈസ് പ്രസിഡണ്ട് | യാത്രാബത്ത അഡ്വാൻസ് |
| 3 | 20.01.20 | 1000 | ശ്രീ.പ്രതീഷ് വാർഡ് മെമ്പർ | യാത്രാബത്ത അഡ്വാൻസ് |
| 4 | 28.11.2019 | 1250 | ശ്രീമതി.അജിത, പ്രസിഡണ്ട് | യാത്രാബത്ത അഡ്വാൻസ് |
| 5 | 28.11.2019 | 1250 | ശ്രീ.ബാലൻ നായർ, വൈസ് | യാത്രാബത്ത അഡ്വാൻസ് |

| | | | | |
|---|---|---|---|---|
| | | | പ്രസിഡണ്ട് | |
| 6 | 29.05.19 | 1250 | ശ്രീമതി.അജിത, പ്രസിഡണ്ട് | യാത്രാബത്ത അഡ്വാൻസ് |
| 7 | 10.1.19 | 1000 | ശ്രീമതി.ശ്യാമള, വാർഡ് മെമ്പർ | യാത്രാബത്ത അഡ്വാൻസ് |
| 8 | 10.01.18 | 1250 | ശ്രീ.ബാലൻ നായർ, വൈസ് പ്രസിഡണ്ട് | യാത്രാബത്ത അഡ്വാൻസ് |
| 9 | 13.7.18 | 1000 | ശ്രീ.ബാലൻ നായർ, വൈസ് പ്രസിഡണ്ട് | യാത്രാബത്ത അഡ്വാൻസ് |
| 10 | 24.04.18 | 1000 | ശ്രീ.ബാലൻ നായർ, വൈസ് പ്രസിഡണ്ട് | യാത്രാബത്ത അഡ്വാൻസ് |
| 11 | 4.12.17 | 1000 | ശ്രീ.ബാലൻ നായർ, വൈസ് പ്രസിഡണ്ട് | യാത്രാബത്ത അഡ്വാൻസ് |
| 12 | 12.10.15 | 750 | ശ്രീ.എ.പി. പീതാംബരൻ പ്രസിഡണ്ട് | യാത്രാബത്ത അഡ്വാൻസ് |
| 13 | 20.1.20 | 65920 | കേരള ഇലക്ട്രിസിറ്റി ബോർഡ് | ലൈൻ എക്സ്റ്റൻഷൻ |
| 14 | | 144500 | ഭൂജല വകുപ്പ് | കുഴൽ കിണർ നിർമ്മാണം |
| 15 | 27.3.21 | 182090 | പൊതുമരാമത്ത് വകുപ്പ് | കിഴക്കേ വള്ളിക്കുന്ന് കുടിവെള്ള പദ്ധതി മോട്ടോർമാറ്റൽ |
| 16 | 31.3.20 | 219595 | പൊതുമരാമത്ത് വകുപ്പ് | ബഡ്സ് സ്കൂൾ വൈദ്യുതീകരണം |
| 17 | 31.3.20 | 202528 | പൊതുമരാമത്ത് വകുപ്പ് | ഹോമിയോ ഡിസ്പെൻസറി വൈദ്യുതീകരണം |
| 18 | 31.03.20 | 79941 | പൊതുമരാമത്ത് വകുപ്പ് | തയ്യിൽ താഴം അങ്കണവാടി മോട്ടോർ സ്ഥാപിക്കൽ |

മുൻകൂറുകൾ നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും തുകകൾ തിരിച്ചുപിടിക്കാത്തതിന്/ അഡ്ജസ്റ്റ് ചെയ്യാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (10/ 20-21 25.11.21.) മറുപടി ലഭ്യമാക്കിയില്ല. മേൽ തുകകൾ നിയമാനുസൃത പലിശസഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 കരാർവെക്കുന്നതിന് കാലതാമസം-കരാറുകാരനിൽനിന്ന് പിഴ ഈടാക്കിയില്ല.

ജി.ഒ. (പി)13/2012/പിഡബ്ല്യുഡി/1.2.12 പ്രകാരമുള്ള പൊതു മരാമത്ത് മാന്വൽ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയച്ച തിയ്യതിക്ക് 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞാൽ പി.എ.സി യുടെ 1% പിഴ ഈടാക്കിക്കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വെയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി ഇ.എം.ഡി കണ്ട് കെട്ടേണ്ടതും കരാറുകാരനെതിരെ ടെണ്ടർ നിബന്ധനകളിൽ പറഞ്ഞ മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമാണ്. താഴെ പറയുന്ന പ്രോജക്ടുകളിൽ കരാർ പ്രവൃത്തികൾക്കായി 14 ദിവസത്തിനകം കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ചിട്ടുള്ളത്.

| ക്രമ നം | പ്രോജക്ട് | സെലക്ഷൻ നോട്ടീസ് തിയതി | കരാർ വച്ച തിയ്യതി / കരാറുകാരൻ | പിഎസിയുടെ 1% ഫൈൻ തുക |
|---|---|---|---|---|
| 1 | 199/20-21 (സ്പിൽ ഓവർ) | 16/08/2019 | 25/09/2019/ സദ്ദാദ് പി | 7230/- |

| | | | | |
|---|---|---|---|---|
| | വള്ളിക്കുന്ന് ഇല്ലത്ത് താഴം റോഡ്<br>PAC : 723031/- | | തൊട്ടിയിൽ വീട്,<br>കാലിക്കറ്റ് എയർപോർട്ട്<br>പി ഓ | |
| 2 | 211/20-21(സ്പിൽ ഓവർ)<br>ബസ് സ്റ്റാന്റിൽ ടോയിലറ്റ് കെംപ്ലക്സ് നിർമാണം<br>PAC : 395907/- | 01/11/2018 | 11/12/2018<br>എം കെ കുഞ്ഞാമു.<br>മടാരിക്കുഴിയിൽ<br>വെല്ലായിക്കോട് | 3959/- |
| ആകെ | | | | 11189/- |

കരാർ വെയ്ക്കാൻ വൈകിയതിന് കാരണം കാണിക്കുകയോ ആയത് അംഗീകരിക്കപ്പെടുകയോ ചെയ്തിട്ടില്ല. സമയബന്ധിതമായി കരാർ വെയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ച് പ്രവർത്തി പൂർത്തിയാക്കിയിട്ടുള്ളത്. അന്വേഷണക്കുറിപ്പിന് നൽകിയ മറുപടി തൃപ്തികരമല്ല. 11189/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിനൊപ്പം പുറപ്പെടുവിച്ചു. | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ച |

### 4-2 സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 18000 | നെല്ല് കൃഷിക്ക് കൂലിചെലവ് | 18000 | |
| | 2020-21 | 33000 | സുഫലം വിഷരഹിത ഫലം | 33000 | |
| | 2020-21 | 6000 | പച്ചക്കറി കൃഷിക്ക് കൂലിചെലവ് | 6000 | |
| | 2020-21 | 500000 | ലൈഫ് ഭവന പദ്ധതി ജനറൽ | 500000 | |
| | 2020-21 | 4273750 | എസ്സി ലൈഫ് ഭവന നിർമ്മാണ പദ്ധതി | 4273750 | |
| | 2020-21 | 600000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 600000 | |
| | 2020-21 | 646998 | കാർഷിക വിപണന കേന്ദ്ര നിർമ്മാണം | 646998 | |
| | 2020-21 | 957277 | ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണ പൂർത്തികരണം | 957277 | |
| | 2020-21 | 841916 | ബഡ്സ് സ്കൂൾ ഒന്നാം നില നിർമ്മാണം | 841916 | |
| | 2020-21 | 180000 | ക്ഷീര ഗ്രാമം | 180000 | |
| | 2020-21 | 200000 | പാലിന് സബ്ബ് സിഡി | 200000 | |
| | 2020-21 | 111366 | പാലിന് സബ്ബ് സിഡി<br>സ്പിൽ ഓവർ പ്രോജക്ട് | 111366 | |
| | ആകെ | 8368307 | | 8368307 | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 15000 | നെല്ല് കൃഷിക്ക് കൂലിചെലവ് | 15000 | |
| | 2020-21 | 620000 | എസ്സി ലൈഫ് ഭവന നിർമ്മാണ പദ്ധതി | 620000 | |
| | 2020-21 | 179497 | അങ്കണവാടി പോഷകാഹാരം | 179497 | |
| | | 600000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 600000 | |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | 2020-21 | 700000 | കാർഷിക വിപണന കേന്ദ്ര നിർമ്മാണം | 661941 | 38059 |
| | 2020-21 | 300000 | പാലിന് സബ്സിഡി | 300000 | |
| ആകെ | | 2414497 | | 2376438 | 38059 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പബ്ലിക്ക് വർക്ക് ഡിപ്പാർട്ട്മെന്റ് | കിഴക്കേ വള്ളിക്കുന്ന് കുടിവെള്ള പദ്ധതി | 350/23/03/21 | 182090 | 182090 | 0 |
| പബ്ലിക്ക് വർക്ക് ഡിപ്പാർട്ട്മെന്റ് | ഹോമിയോ ഡിസ്പെൻസറി വൈദ്യുതീകരണം | 200/19.01.21 | 202528 | 202528 | 0 |
| പബ്ലിക്ക് വർക്ക് ഡിപ്പാർട്ട്മെന്റ് | കാർഷിക വിപണന കേന്ദ്രം വൈദ്യുതീകരണം | 199/19/01/21 | 219595 | 219595 | 0 |
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് ലൈൻ എക്സ്റ്റൻഷൻ | 3/11/04/21 | 493713 | 493713 | 0 |
| പബ്ലിക്ക് വർക്ക് ഡിപ്പാർട്ട്മെന്റ് | തയ്യിൽ താഴം അംഗൻവാടി മോട്ടോർ സ്ഥാപിക്കൽ | 351/23/03/21 | 79941 | 79941 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി 2018-19 | സ.ഉ 68/18 തീ. 18/05/2018 | -- | 7392552 | 863491 | | 6529061 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | |
| ആകെ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-6 | 2005-06 | 2.70.1.5.3 | നിക്ഷേപ വേലകൾ | |
| 2002-03 | 3-12 | 2005-06 | 2.70.1.8.4 | കുടിവെള്ള പദ്ധതി | |
| 2003-04 | 3-3 | 2006-07 | 3.79.6.4 | മണൽ വില്പന | |
| 2003-04 | 3-4 | 2006-07 | 3.79.10.3 | കുടിവെള്ള പദ്ധതികൾ | |
| 2003-04 | 2-1 | 2006-07 | 3.79.1 | തനത് വരവ് കാലഹരണം | |
| 2003-04 | 3-6 | 2006-07 | 3.79.19 | പൊതു മരാമത്ത് പണികൾ | |
| 2014-15 | 2-3 | 2016-17 | 4.2.8 അനുബന്ധം 4 | തൊഴിൽ നികുതി | |
| 2015-16 | 2-6 | 2016-17 | അനുബന്ധം 5 | | |
| | | 2014-15 | 4.2.8 | റിവർ മാനേജ്മെന്റ് ഫണ്ട് | |
| | | 2014-15 | 4.2.5 | മണൽ വില്പന | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഉത്തരവാദിയുടെ പേര് | തുക | തുക അടവാക്കിയതിന്റെ വിവരം | റിമാർക്സ് |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 102460098 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 94425105 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 11189 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2153825 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|

| | | | |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 11189 | ശ്രീമതി ദിവ്യ എസ്<br>അസിസ്റ്റന്റ് എഞ്ചിനീയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 83,458 | ഡോ ഷെറിൻ,മെഡിക്കൽ ഓഫീസർ ഹോമിയോ |
| 1-16 | 8,00,000 | ശ്രീ.ബിനു.ടി,അസിസ്റ്റന്റ് സെക്രട്ടറി |
| 1-18 | 1,80,188 | ഡോ വ്രജേഷ് .പി,മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| 1-21 | 7,99,905 | ശ്രീമതി രാധിക എൻ ആർ,സെക്രട്ടറി |
| 1-23 | 2,90,274 | ശ്രീമതി രാധിക എൻ ആർ,സെക്രട്ടറി |
| | 21,53,825 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| | ഇല്ല |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

| ഖണ്ഡിക നമ്പർ | - |
|---|---|

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി രാധിക എൻ ആർ<br>സെക്രട്ടറി | സെക്രട്ടറി<br>പെരുമണ്ണ ഗ്രാമപഞ്ചായത്ത് | നിരാമയം,വാളേരി പറമ്പ്,<br>മേരിക്കുന്ന് പിഒ,വാപ്പോളി താഴം |
| ശ്രീ.ബിനു.ടി<br>അസിസ്റ്റന്റ് സെക്രട്ടറി | മാവൂര്<br>പെരുമണ്ണ ഗ്രാമപഞ്ചായത്ത് | സുജാത ഭവൻ ,അയത്തിൽ പി.ഒ<br>കൊല്ലം |
| ഡോ ഷെറിൻ<br>മെഡിക്കൽ ഓഫീസർ ഹോമിയോ | പെരുമണ്ണ ഗ്രാമപഞ്ചായത്ത് | ആഷിയാന,മായനാട് പി.ഒ കോഴിക്കോട് |
| ഡോ വ്രജേഷ് .പി<br>മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 07പെരുമണ്ണ ഗ്രാമപഞ്ചായത്ത് | പിലാത്തോട്ടത്തിൽ<br>നന്മണ്ട ,കോഴിക്കോട് |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 2002-03 | കെ.എസ്.എ.കെ.കെ.ഡി.പി1/316/2021(1)/24/2/2021 | 1 | 3-3 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി.പി1/316/2021(2)/25/2/2021 | 1 | 2-1, 3-3, 3-4, 3-6 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി1/316/2021(3)/25/2/2021 | 1 | 3-14 എ |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി1/316/2021(4)/25/2/2021 | 3 | 2-8,3-5,3-8 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി1/316/2021(5)/25/2/2021 | 2 | 2-4,3-3 |
| 2009-10 | കെ.എസ്.എ .കെ.കെ.ഡി.പി1/316/2021(6)/25/2/2021 | 10 | 3-1,3-2(1), 3-2(2) 3-5,3-7,3-9,3-11, 3-12, 3-15, 3-17 |
| 2010-11, 11-12 | കെ.എസ്.എ.കെ.കെ.ഡി.പി1/316/2021(7)/27/3/2021 | 1 | 3-2 |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി.പി1/316/2021(8)/27/3/2021 | 7 | 2-1(ബി), സി, 3-1, 3-2, 3-3, 3-10 , 4-1(1) ,4-1(2) |
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി1/316/2021(9)/24/3/2021 | 12 | 2-2(2), 2-3, 2-4, 3-2(1), 3-2 (2), 3-2(3),3-4(1) മുതൽ 3-4(4) വരെ, 3-4(8) 3-4(10),3-7, 3-8, 3-11, 3-12 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി1/316/2021(10)/27/3/2021 | 7 | 2-6,2-8,3-3,3-5, 3-8,3-11(2), 3-13 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി1/316/2021(11) /27/3/2021 | 27 | 2-1,2-2,2-3(2),2-3(3),2-3(4),,2-4(1), 2-4(2),2-4(3), 2-5(1), 2-5(3), 2-5(4),2-6,2-7,2-8,3-1,3-3,3-4,3-5(1), 3-7,3-8-12, 3-15,3-17(2),3-17(3) |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി1/316/2021(12)/ 12/12/2021 | 12 | 1-12, 2-1(2,3), 2-2(1,2,3,4) 2-1, 2-3, 3-2, 3-3, 3-5, 3-7, 3-8, 3-10, 3-11, 3-12, 3-13, 3-16, 3-17(1,2,3),4-1, 4-2, 4-10 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി1/875/2020/ 21/10/2020 | 20 | 1-12,1-13,1-14,1-15,1-17,1-18,1-19,1-20, 1-22,1-23,1-24(A,B,C),1-25,1-26, 1-27,1-29,1-30, 1-31, 1-32,1-33,4-11 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

**അനുബന്ധം-1**

**ഓഡിറ്റ് സാക്ഷ്യപത്രം**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്